www.societytodaynews.com
2024 SEPTEMBER
19
THURSDAY
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ജമ്മു കശ്മീരിൽ 59% പോളിങ്

**ജമ്മു:** ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ടത്തിൽ 59 ശതമാനം പോളിങ്. വോട്ടെടുപ്പ് സമാധാനപരം. സംസ്ഥാനത്തിനു പ്രത്യേക പദവി നൽകിയിരുന്ന 370ാം അനുച്ഛേദം നീക്കിയ ശേഷം നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിലാണു വോട്ടർമാരിൽ നിന്നു മികച്ച പ്രതികരണം.

അവസാന ഏഴു തെരഞ്ഞെടുപ്പുകളിൽ (നാലു ലോക്സഭാ തെരഞ്ഞെടുപ്പുകളും മൂന്നു നിയമസഭാ തെരഞ്ഞെടുപ്പുകളും) ഈ മണ്ഡലങ്ങളിലെ ഏറ്റവും മികച്ച പോളിങ്ങാണിതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ പി.കെ. പോലേ. ഇപ്പോഴത്തേത് അഞ്ചു മണി വരെയുള്ള കണക്കാണെന്നും വിദൂര ബൂത്തുകളിലെ കണക്കുകൾ ലഭ്യമാകുമ്പോൾ പോളിങ് ഉയരാമെന്നും അദ്ദേഹം.

ഏഴു ജില്ലകളിലായി 24 മണ്ഡലങ്ങളിലായിരുന്നു ഇന്നലെ വോട്ടെടുപ്പ്. കശ്മീരിലെ 16ഉം ജമ്മുവിലെ എട്ടും മണ്ഡലങ്ങളാണു വിധിയെഴുതിയത്. കിഷ്ത്വാർ ജില്ലയിലാണ് ഏറ്റവും ഉയർന്ന പോളിങ് 77%. ഏറ്റവും കുറവ് പുൽവാമയിൽ46%. 25നാണു രണ്ടാംഘട്ടം പോളിങ്.

ഒക്റ്റോബർ ഒന്നിന് അവസാന ഘട്ടം വോട്ടെടുപ്പ്. മണ്ഡലങ്ങളിൽ ഏറ്റവും ഉയർന്ന പോളിങ് രേഖപ്പെടുത്തിയത് ഇന്ദേർവലിലാണ് (80.06%). ഭീകരർ കൊലപ്പെടുത്തിയ ബിജെപി നേതാവിൻറെ മകൾ ഷോഗൺ പരിഹർ മത്സരിക്കുന്ന സീറ്റാണിത്.



# യുഎസ് ഫെഡ് റിസർവ് ബാങ്ക് പലിശനിരക്ക് കുറച്ചു

**വാഷിങ്ടൻ:** യുഎസ് ഫെഡറൽ റിസർവ് ബാങ്ക് പലിശ നിരക്ക് അര ശതമാനം കുറച്ചു. 4 വർഷത്തിനു ശേഷമാണ് ഫെഡ് കേന്ദ്ര പലിശ നിരക്ക് കുറയ്ക്കുന്നത്. ജോ ബൈഡൻ ഭരണകൂടത്തിന്റെ കീഴിൽ പലിശനിരക്ക് കുറയ്ക്കുന്നത് ആദ്യമാണ്. 4.75 5 ശതമാനത്തിലേക്ക് പലിശ നിരക്കുകൾ താഴ്ന്നു. ഇതോടെ കുറഞ്ഞ പലിശയ്ക്ക് ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കും. സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കാനുള്ള തീരുമാനമെന്ന് വിശേഷിപ്പിച്ചാണു നടപടി.

പണപ്പെരുപ്പം നിയന്ത്രണപരിധിയായ രണ്ട് ശതമാനത്തിലേക്ക് കുറയുന്നതു പരിഗണിച്ചാണു തീരുമാനമെന്നു ഫെഡ് ചെയർമാൻ ജെറോം പവൽ അറിയിച്ചു. എന്നാൽ ഗവർണർ മിഷേൽ ബോമാൻ തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തി. കാൽ ശതമാനം നിരക്ക് മാത്രം വെട്ടിക്കുറച്ചാൽ മതിയെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. 111 എന്ന നിലയിലാണ് ഫെഡ് തീരുമാനം പാസായത്.

വർഷാവസാനത്തോടെ ഫെഡ് പലിശ നിരക്കിൽ അര ശതമാനം കുറവ് കൂടി വരുത്തുമെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു. 2025 ൽ ഒരു ശതമാനം കുറവ് കൂടി പലിശ നിരക്കിൽ വരുത്തിയേക്കും. 2026 ൽ അര ശതമാനത്തിന്റെ കുറവ് കൂടി വരുത്തുന്നതോടെ പലിശ നിരക്കുകൾ 2.753 ശതമാനത്തിൽ തിരികെ എത്തുമെന്നാണു വിലയിരുത്തൽ.

# ലബനനിൽ വീണ്ടും സ്ഫോടനം; ഇത്തവണ വോക്കി ടോക്കി

**ബെയ്റൂട്ട്:** പേജർ സ്ഫോടന പരമ്പരയ്ക്കു പിന്നാലെ ലെബനനിൽ ഹിസ്ബുള്ള സംഘടനയുടെ നേതാക്കളെ ലക്ഷ്യമിട്ട് വീണ്ടും സ്ഫോടന പരമ്പര. ഇക്കുറി ഇവർ ഉപയോഗിക്കുന്ന വോക്കി ടോക്കികളാണ് പൊട്ടിത്തെറിച്ചത്. പേജർ സ്ഫോടനത്തിൽ മരിച്ചവരുടെ സംസ്കാരച്ചടങ്ങിനിടെയാണ് പുതിയ സ്ഫോടനം.

പേജർ സ്ഫോടനങ്ങളിൽ 12 പേർ മരിച്ചതിനു പിന്നാലെ വോക്കി ടോക്കി സ്ഫോടനങ്ങളിൽ മൂന്നു പേരും മരിച്ചു. നൂറിലേറെ പേർക്കു പരുക്കുമുണ്ട്. പേജർ സ്ഫോടനത്തിൽ മൂവായിരത്തിലേറെ പേർക്കു പരുക്കേൽക്കുകയും ചെയ്തിരുന്നു.

# എസ്ഐപി നിക്ഷേപം റെക്കോഡിൽ

**മുംബൈ:** സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെൻറ് പ്ലാനുകളിലേക്കുള്ള (എസ്ഐപി) നിക്ഷേപം റെക്കോഡുകൾ കീഴടക്കി കുതിക്കുകയാണ്. ഓഗസ്റ്റിൽ 23,547 കോടി രൂപയുടെ നിക്ഷേപമാണ് എസ്ഐപികളിലൂടെ വിപണിയിലെത്തിയത്. ജൂലൈയിൽ എസ്ഐപി നിക്ഷേപം 23,332 കോടി രൂപയായിരുന്നു. തുടർച്ചയായി രണ്ടാമത്തെ മാസമാണ് എസ്ഐപികളിലെ നിക്ഷേപം റെക്കോഡുകൾ പുതുക്കി കുതിക്കുന്നത്. മ്യൂച്വൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി മൂന്ന് ശതമാനം ഉയർന്ന് 66.45 ലക്ഷം കോടി രൂപയിലെത്തി. ജൂലൈയിലിത് 64.69 ലക്ഷം കോടി രൂപയായിരുന്നു. സാമ്പത്തിക മേഖലയിലെ അനിശ്ചിതത്വം ശക്തമായതോടെ ഓഗസ്റ്റിൽ മ്യൂച്വൽ ഫണ്ടുകളിലേക്കുള്ള നിക്ഷേപം 42% ഇടിവോടെ 1.08 ലക്ഷം കോടി രൂപയിലെത്തി. ജൂലൈയിൽ 1.89 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് മ്യൂച്വൽ ഫണ്ടുകളിൽ ലഭിച്ചത്. കടപ്പത്ര അധിഷ്ഠിതമായ മ്യൂച്വൽ ഫണ്ടുകളിലേക്കുള്ള പണമൊഴുക്കിലാണ് കഴിഞ്ഞ മാസം വലിയ ഇടിവുണ്ടായത്. ഇക്കാലയളവിൽ കടപ്പത്ര അധിഷ്ഠിത മ്യൂച്വൽ ഫണ്ടുകളിലെ നിക്ഷേപം 62% ഇടിഞ്ഞ് 45,169 കോടി രൂപയായി. ജൂലൈയിൽ കടപ്പത്ര ഫണ്ടുകളിൽ 1.19 ലക്ഷം കോടി രൂപയുടെ നിക്ഷേപം എത്തിയിരുന്നു.



അതേസമയം, ഓഹരി അധിഷ്ഠിത മ്യൂച്വൽ ഫണ്ടുകളിലെ നിക്ഷേപം മൂന്ന് ശതമാനം വർധനയോടെ 38,239 കോടി രൂപയായി. ഓഗസ്റ്റിൽ ഓഹരി വിപണിയിൽ നിക്ഷേപിക്കുന്ന മ്യൂച്വൽ ഫണ്ടുകളിൽ 37,113 കോടി രൂപയായിരുന്നു. സെക്റ്ററൽ, തീമാറ്റിക് ഫണ്ടുകളിലേക്കുള്ള പണമൊഴുക്ക് ഒരു ശതമാനം കുറഞ്ഞ് 18,117 കോടി രൂപയിലെത്തി.

സൂചിക അധിഷ്ഠിത ഫണ്ടുകളിലും എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിലും(ഇടിഎഫ്) എന്നിവയിലേക്കുള്ള പണമൊഴുക്കിലും നേരിയ കുറവുണ്ടായി. ഈ വിഭാഗത്തിൽ 14,599 കോടി രൂപയുടെ നിക്ഷേപമാണ് ലഭിച്ചത്. ഗോൾഡ് ഇടിഎഫുകളിൽ 1,611 കോടി രൂപയാണ് നിക്ഷേപമായെത്തിയത്.






എറണാകുളം പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അന്തരിച്ച മാധ്യമപ്രവർത്തക പി എസ് രശ്മിയുടെ അനുസ്മരണ സമ്മേളനത്തിൽ ജനയുഗം കൊച്ചി റീജിയണൽ എഡിറ്റർ ജി ബാബുരാജ് അനുസ്മരണ പ്രഭാഷണം നടത്തുന്നു

# പി എസ് രശ്മി അനുസ്മരണം നടത്തി

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ്ബിന്റെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തകയും ജനയുഗം തിരുവനന്തപുരം ബ്യൂറോ ചീഫുമായിരുന്ന അന്തരിച്ച പി എസ് രശ്മിയുടെ അനുസ്മരണ സമ്മേളനം എ നടത്തി.എറണാകുളം പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷത വഹിച്ചു. ജനയുഗം കൊച്ചി റീജിയണൽ എഡിറ്റർ ജി ബാബുരാജ് അനുസ്മരണ പ്രഭാഷണം നടത്തി.മാധ്യമമേഖലയിൽ തന്റേതായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് അക്ഷീണം പ്രയത്നിക്കുകയും സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ഇടയിൽ പുഞ്ചിരിയോടെ വലിയ സൗഹൃദവലയം സൃഷ്ടിക്കുകയും ചെയ്ത മായാത്ത വ്യക്തിത്വമായിരുന്നു പി എസ് രശ്മിയെന്ന് അദ്ദേഹം അനുസ്മരിച്ചു. പ്രസ് ക്ലബ്ബ് സെക്രട്ടറി എം ഷജിൽ കുമാർ,മാധ്യമപ്രവർത്തകരായ ഗീതാകുമാരി,ജലീൽ അരൂകുറ്റി,ട്രഷറർ അഷ്റഫ് തൈവളപ്പ് എന്നിവർ സംസാരിച്ചു. അനുസ്മരണ സമ്മേളനത്തിൽ വിവിധ മാധ്യമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.



# പ്രതിഷേധ പ്രകടനം നടത്തി

**ആലുവ:** വയനാട്ടിലെ ദുരിതബാധിതരുടെ പേരിൽ കള്ളക്കണക്ക് നിരത്തി പണ്ട് തട്ടിപ്പ് നടത്തിയ പിണറായി സർക്കാർ രാജി വെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തോട്ടക്കാട്ടുകര മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി. മുൻ മുൻസിപ്പൽ ചെയർപേഴ്സൺ ലിസി അബ്രഹാം ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ബാബുകൊല്ലം പറമ്പിൽ അധ്യക്ഷത വഹിച്ചു. പി എം മൂസക്കുട്ടി, ജി മാധവൻകുട്ടി,ജെറോം മൈക്കിൾ, കൗൺസിലർമാരായ ലിസാ ജോൺസൺ, ഷമ്മി സെബാസ്റ്റ്യൻ, എം ആർ ബാബു, എൻ എൽ നിക്സൺ, കെ ജെ ജോസഫ്, എം ഷാജഹാൻ, അഷറഫ് ദോഹ, ഈഡൻ വലിയറ, സി ആർ ഗോപി, ജെസിയ ഷംസുദ്ദീൻ, പോളി വിൻസന്റ്, മുഹ്സിന തുടങ്ങിയവർ സംസാരിച്ചു.

# അതിഥി അധ്യാപക അഭിമുഖം

**തിരുവനന്തപുരം:** യൂണിവേഴ്സിറ്റി കോളേജിൽ ജിയോളജി വിഭാഗത്തിൽ അതിഥി അധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിന് സെപ്റ്റംബർ 20 നു രാവിലെ 11 ന് പ്രിൻസിപ്പലിന്റെ ചേംബറിൽ അഭിമുഖം നടക്കും. യു.ജി.സി നിഷ്കർഷിച്ച യോഗ്യതയുള്ളവരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. ഉദ്യോഗാർഥികൾ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം 20 ന് രാവിലെ 11 മണിക്ക് മുമ്പ് പ്രിൻസിപ്പലിനു മുന്നിൽ ഹാജരാകണം.

# എംപോക്സ്: ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്ജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആഫ്രിക്കയിലെ പല രാജ്യങ്ങളിലുൾപ്പെടെ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ എയർപോർട്ടുകളിലും സർവൈലൻസ് ശക്തമാക്കിയിരുന്നു. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകിയിരുന്നു. 2022ൽ എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ സംസ്ഥാനം സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പുറത്തിറക്കിയിരുന്നു. അതനുസരിച്ചുള്ള ഐസൊലേഷൻ, സാമ്പിൾ കളക്ഷൻ, ചികിത്സ എന്നിവയെല്ലാം ഉറപ്പ് വരുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളും പ്രോട്ടോകോൾ കൃത്യമായി പാലിക്കണമെന്നും മന്ത്രി പറഞ്ഞു.

**എന്താണ് എംപോക്സ്?**

ആരംഭത്തിൽ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യ രോഗമായിരുന്നു എംപോക്സ്. എന്നാൽ ഇപ്പോൾ മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് നേരിട്ട് പകരുന്ന രോഗമാണിത്. തീവ്രത കുറവാണെങ്കിലും 1980ൽ ലോകമെമ്പാടും ഉന്മൂലനം ചെയ്യപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട ഓർത്തോപോക്സ് വൈറസ് അണുബാധയായ വസൂരിയുടെ ലക്ഷണങ്ങളുമായി എംപോക്സ് ലക്ഷണങ്ങൾക്ക് സാദൃശ്യമുണ്ട്.

**രോഗ പകർച്ച**

കോവിഡോ എച്ച്1 എൻ1 ഇൻഫ്ളുവൻസയോ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എം പോക്സ്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധം, കിടക്ക, വസ്ത്രം എന്നിവ സ്പർശിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക, തുടങ്ങിയവയിലൂടെ രോഗസാധ്യത വളരെയേറെയാണ്.

**ലക്ഷണങ്ങൾ**

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. മുഖത്തും കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം, കണ്ണുകൾ എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടുന്നു.

**പ്രതിരോധം**

അസുഖബാധിതരായ ആൾക്കാരുമായി നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അടുത്തിടപഴകുന്ന ആൾക്കാർക്കാണ് എംപോക്സ് ഉണ്ടാകുക. വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർബന്ധമായും നിർദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ സ്വീകരിക്കണം.

# സമന്വയംപദ്ധതി ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും ചേർന്ന് നടത്തുന്ന ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ പദ്ധതിയായ 'സമന്വയ'ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 19) സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ.എ റഷീദിന്റെ അദ്ധ്യക്ഷതയിൽ ന്യൂനപക്ഷ വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ നിർവ്വഹിക്കും. രാവിലെ 10 ന് കൽപ്പറ്റ പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ നടക്കുന്ന പരിപാടിയിൽ പട്ടികജാതിപട്ടിക വർഗ്ഗ, പിന്നാക്ക ക്ഷേമവകുപ്പ് മന്ത്രി ഒ.ആർ കേളു മുഖ്യാതിഥിയായിരിക്കും.

18 നും 50 വയസ്സിനും ഇടയിലുള്ള ന്യൂനപക്ഷ വിഭാഗത്തിലുള്ള അഭ്യസ്തവിദ്യരായവർക്കായി സർക്കാരിതര മേഖലകളിലും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിപുലമായ തൊഴിൽ രജിസ്ട്രേഷൻ ക്യാമ്പ് നടത്തുന്നത്. പ്ലസ് റ്റു കഴിഞ്ഞ ന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ക്യാമ്പിലെത്തി രജിസ്ട്രേഷൻ നടത്താം. രാവിലെ 8:30 മുതൽ രജിസ്ട്രേഷൻ തുടങ്ങും. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം എത്തി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭ്യമാക്കാനുള്ള അവസരമൊരുക്കും. ജില്ല, സംസ്ഥാനതലം, സംസ്ഥാനത്തിന് പുറത്ത് എന്നിങ്ങനെയുള്ള മേഖലകൾ തരംതിരിച്ചാണ് സ്വകാര്യ തൊഴിൽദാതാക്കളുമായി കൈകോർത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. മുസ്ലിം, ക്രൈസ്തവ, ജൈന, ബുദ്ധ, പാഴ്സി സിക്ക് എന്നീ ആറ് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് തൊഴിൽ രജിസ്ട്രേഷൻ നടത്താൻ കഴിയുക.

# വിബിൻ മോഹനന്റെ കരാർ നാല് വർഷത്തേക്ക് കൂടി നീട്ടി ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** മിഡ് ഫീൽഡർ താരം വിബിൻ മോഹനനുമായുള്ള കരാർ നാല് വർഷത്തേക്ക് കൂടി പുതുക്കി കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. 2029 വരെയുള്ള കരാറിൽ താരം ഒപ്പ് വച്ചു. 2020ൽ കേരള ബ്ലാസ്റ്റേഴ്സിന്റെ യൂത്ത് വിംങിൽ ചേർന്ന വിബിൻ 2022ലാണ് ഫസ്റ്റ് ടീമിലെത്തുന്നത്. ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ), ഡ്യൂറന്റ് കപ്പ്, സൂപ്പർ കപ്പ് തുടങ്ങി ഒട്ടേറെ സുപ്രധാന മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കുവാൻ 21 കാരനായ ഈ മിഡ് ഫീൽഡറിന് സാധിച്ചിട്ടുണ്ട്.

ഇതുവരെ കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടി ബൂട്ടണിഞ്ഞ 28 മത്സരങ്ങളിൽ നിന്നായി തന്റെ കന്നി ഗോളും 4 അസിസ്റ്റുകളും വിബിൻ സ്വന്തമാക്കിയിട്ടുണ്ട്. ഈയടുത്തായി അണ്ടർ 23 ഇന്ത്യൻ ടീമിലേക്കും വിബിൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

എന്നിൽ വിശ്വാസമർപ്പിക്കുകയും എന്റെ വളർച്ചയിൽ പിന്തുണ നൽകുകയും ചെയ്യുന്ന കേരള ബ്ലാസ്റ്റേഴ്സിനോട് അതിയായി കടപ്പെട്ടിരിക്കുന്നുവെന്ന് വിബിൻ പറഞ്ഞു.ക്ലബിനൊപ്പമുള്ള യാത്ര തുടരുന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. വരും വർഷങ്ങളിലും എന്റെ ഏറ്റവും മികച്ച പ്രകടനം തന്നെ പുറത്തെടുക്കുമെന്നും വിബിൻ പറഞ്ഞു.




ദീർഘകാലയളവിലേക്ക് വിബിനെ ക്ലബിൽ നിലനിർത്താൻ സാധിച്ചതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ടെന്ന് കെബിഎഫ്സി സ്പോർട്ടിംഗ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു.അപാരമായ പ്രകടന മികവുള്ള കളിക്കാരനായ അദ്ദേഹം വളരെ ചെറിയ പ്രായത്തിൽ തന്നെ തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. വിബിൻ കേരള ബ്ലാസ്റ്റേഴ്സിന്റെ ഒരു പ്രധാന ഭാഗമാകുകയും കൂടുതൽ വളരുകയും ചെയ്യുമെന്നും ഞങ്ങൾ വിശ്വസിക്കുന്നുവെന്നും കരോലിസ് സ്കിൻകിസ് പറഞ്ഞു.




**കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) യൂത്ത് വിംഗ് എളമക്കര യൂണിറ്റ് പ്രസിഡന്റ് പി.പി ഫൈസൽ, ജനറൽ സെക്രട്ടറി ഡിജു ആന്റണി**

## ആയുർവേദ, ഹോമിയോ കോഴ്സ് പ്രവേശനം

**തിരുവനന്തപുരം:** 2024ലെ ബിരുദാനന്തര ബിരുദ ആയുർവേദ, ഹോമിയോ കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ഉടൻ ആരംഭിക്കും. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും നിർദ്ദേശിക്കുന്ന സമയത്ത് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

പട്ടികജാതി/ പട്ടികവർഗ വിഭാഗം തെളിയിക്കുന്നതിന് തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്, എസ്.ഇ.ബി.സി/ ഒ.ഇ.സി വിഭാഗക്കാർക്ക് കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമീ ലെയർ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ നൽകുന്ന ഇ.ഡബ്ല്യു.എസ് (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ വിദ്യാർഥികൾ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി 04.10.2022 ലെ ജി.ഒ, സർട്ടിഫിക്കറ്റ്, വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വിദ്യാഭ്യാസ/ഫീസ് ആനുകൂല്യങ്ങൾക്ക് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് എന്നിവയാണ് ആവശ്യമായ സർട്ടിഫിക്കറ്റുകൾ.

ഓരോ കാറ്റഗറിക്കും റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്ക് ഉള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പൊതുരേഖാ ബിൽ: സെലക്ട് കമ്മിറ്റി തെളിവെടുപ്പ്

**തിരുവനന്തപുരം:** 2023 ലെ കേരള പൊതുരേഖ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് സെപ്റ്റംബർ 26 ന് എറണാകുളത്തും 27 ന് കോഴിക്കോടും ചേരും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചെയർപേഴ്സണായ സെലക്ട് കമ്മിറ്റി ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലുള്ളവർക്കായി 26 ന് രാവിലെ 10.30 ന് എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്കായി 27 രാവിലെ 10.30 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും നടത്തുന്ന തെളിവെടുപ്പ് യോഗങ്ങളിൽ പൊതുജനങ്ങൾ, പുരാരേഖകളുടെ ശേഖരണവുമായി ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും. 2023 ലെ കേരള പൊതുരേഖ ബില്ലും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച ചോദ്യാവലിയും www.niyamasabha.org യിൽ ഹോം പേജിലും Pre-Legislative Public Consultation എന്ന ലിങ്കിലും ലഭ്യമാണ്.

# ശൈലി 2: രണ്ടാം ഘട്ടത്തിൽ 25 ലക്ഷത്തിലധികം പേരുടെ സ്ക്രീനിംഗ് നടത്തി

**തിരുവനന്തപുരം:** ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 25 ലക്ഷത്തിലധികം പേരുടെ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യ ഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗ സാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു. തുടർന്നാണ് ടിബി, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി ശൈലി 2 ആവിഷ്ക്കരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ആകെ 25,43,306 പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ 49.04 ശതമാനം പേർക്ക് (12,47,262) ഏതെങ്കിലുമൊരു ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി. രക്താതിമർദ സാധ്യതയുള്ള 95,525 പേരുടെ പരിശോധന നടത്തിയതിൽ 19,741 (20.7 ശതമാനം) പേർക്ക് രക്താതിമർദവും പ്രമേഹ സാധ്യതയുള്ള 98,453 പേരെ പരിശോധിച്ചതിൽ 1668 (1.7 ശതമാനം) പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി. കാൻസർ സാധ്യതയുള്ള 61,820 പേരെ കണ്ടെത്തി തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു. 87,490 പേരെ ടിബി പരിശോധനയ്ക്കായും 1,12,938 പേരെ ശ്വാസകോശ സംബന്ധമായ പരിശോധനയ്ക്കായും റഫർ ചെയ്തു. 29,111 കിടപ്പ് രോഗികളേയും പരസഹായം ആവശ്യമുള്ള 47,221 പേരേയും 8,36,692 വയോജനങ്ങളേയും സന്ദർശിച്ച് ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് തുടർ സേവനങ്ങൾ ഉറപ്പാക്കി വരുന്നു.

നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. ആദ്യഘട്ടത്തിൽ ജീവിതശൈലീ രോഗങ്ങൾക്കും കാൻസറിനുമാണ് പ്രാധാന്യം നൽകിയതെങ്കിൽ രണ്ടാം ഘട്ടത്തിൽ അതിനോടൊപ്പം ടിബി, ശ്വാസകോശ രോഗങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തുന്നു. കാഴ്ച പരിമിതി, കേൾവി പരിമിതി, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തുന്നു.

വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജീവിത ശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നു.




# വികസനക്കുതിപ്പിൽ കൊല്ലം റെയിൽവേ സ്റ്റേഷൻ

**കൊല്ലം:** നോൺസബേർബൻ ഗ്രൂപ്പ് 2 (എൻഎസ്ജി2) വിഭാഗത്തിലേക്ക് കൊല്ലം റെയിൽവേ സ്റ്റേഷൻ മാറിയതോടെ കൂടുതൽ വികസനങ്ങൾക്കു വഴിയൊരുക്കുമെന്ന പ്രതീക്ഷ ഉണർന്നു. 2023,24 വർഷം 103.07 കോടി രൂപ വരുമാനം ലഭിച്ച പശ്ചാത്തലത്തിലാണ് പുതിയ വിഭാഗത്തിലേക്ക് സ്റ്റേഷൻ ഉയർന്നത്. എൻഎസ്ജി3 വിഭാഗത്തിലായിരുന്നു സ്റ്റേഷനിൽ ഏകദേശം 350 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കൂടാതെ, ജില്ലയിലെ പ്രമുഖ സ്റ്റേഷനുകളിലൊന്നായ കരുനാഗപ്പള്ളിയും എൻഎസ്ജി4 വിഭാഗത്തിൽ എത്തിയിട്ടുണ്ട്.

കൊല്ലം സ്റ്റേഷനിൽ നിന്നു കഴിഞ്ഞ സാമ്പത്തിക വർഷം പ്രതിദിനം ശരാശരി 23000 യാത്രക്കാർ യാത്ര ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം ആകെ 82.75 ലക്ഷം യാത്രക്കാരാണ് ഇവിടെ നിന്നു യാത്ര പുറപ്പെട്ടത്. കോവിഡ് കാലത്ത് വരുമാനത്തിൽ ഗണ്യമായ കുറവ് നേരിട്ടെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ നടത്തിയ കുതിച്ചു ചാട്ടമാണ് സ്റ്റേഷന്റെ പദവി ഉയർത്തിയത്.

നിലവിൽ എയർ കോൺകോഴ്സ് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ നിർമാണ പ്രവർത്തനങ്ങൾ 2025ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. ബഹുനില പാർക്കിങ് സൗകര്യം ഉൾപ്പെടെയാണു വികസനം. കൂടാതെ, യാത്രക്കാർക്കുള്ള സൗകര്യങ്ങളും മെച്ചപ്പെടും. വിമാനത്താവളങ്ങളിലേതിനു സമാനമായ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പുതിയ വിഭാഗത്തിലേക്ക് എത്തുന്നതോടെ യാത്രക്കാർക്കുള്ള സൗകര്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും മെച്ചപ്പെട്ടേക്കും.

163 ട്രെയിൻ സർവീസുകളാണ് കൊല്ലം റെയിൽവേ സ്റ്റേഷനിലൂടെ കടന്നുപോകുന്നത്. കൂടാതെ, കൊല്ലത്തു നിന്നു പുറപ്പെടുന്ന 4 ദീർഘദൂര സർവീസുകളുമുണ്ട്. കൊല്ലം,തിരുപ്പതി, കൊല്ലം,വിശാഖപട്ടണം, കൊല്ലം,ചെന്നൈ എഗ്മൂർ, കൊല്ലം,തിരുവനന്തപുരം,ചെന്നൈ എന്നിവയാണ് ആ ട്രെയിനുകൾ. മണ്ഡല,മകര വിളക്ക് കാലത്ത് ഓടുന്ന സ്പെഷൽ ട്രെയിനുകളും വിശേഷാവസരങ്ങളിൽ ഓടിക്കുന്ന സ്പെഷലുകളും കൊല്ലം കേന്ദ്രീകരിച്ചാണ് ഓടിക്കുന്നത്.

10 അധികം കോച്ചുകളുള്ള മെമു ട്രെയിനുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സൗകര്യമുള്ള മെമു ഷെഡും നിലവിലുണ്ട്. ഏകദേശം 47 കോടി രൂപ ചെലവിൽ മെമു ഷെഡിന്റെ വികസന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. കൊല്ലത്തിനു പുറമേ, എറണാകുളം ടൗൺ, പാലക്കാട് ജംക്ഷൻ, കണ്ണൂർ സ്റ്റേഷനുകളാണ് എൻഎസ്ജി,2 വിഭാഗത്തിലേക്കു ഉയരുന്നത്.

എൻഎസ്ജി,5 വിഭാഗത്തിൽ നിന്നാണ് എൻഎസ്ജി4 വിഭാഗത്തിലേക്ക് കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ ഉയരുന്നത്. 202324 വർഷം 9.82 കോടി രൂപയായിരുന്നു വരുമാനം. 10 ലക്ഷത്തിൽ അധികം പേർ കരുനാഗപ്പള്ളിയിൽ നിന്നു യാത്ര ചെയ്തതായും കണക്കുകൾ വ്യക്തമാക്കുന്നു. 2022,23ൽ 7.73 കോടി രൂപ വരുമാനവും 8.05 ലക്ഷം പേർ യാത്ര ചെയ്തെന്നുമാണ് കണക്ക്. എൻഎസ്ജി5 വിഭാഗത്തിൽ നിലവിൽ നിർമാണ പ്രവർത്തനങ്ങൾ കരുനാഗപ്പള്ളിയിൽ നടക്കുന്നുണ്ട്.

എൻഎസ്ജി4 വിഭാഗത്തിൽ യാത്രക്കാർക്കുള്ള കൂടുതൽ സൗകര്യങ്ങൾ എത്തിയേക്കും

# നിപ്മറിന് ഐക്യരാഷ്ട്ര സംഘടനയുടെ കർമസേന പുരസ്കാരം

**തിരുവനന്തപുരം:** ഭിന്നശേഷി മേഖലയിലെ രാജ്യാന്തര സ്ഥാപനമായി വികസിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനെ (നിപ്മർ) തേടി ഐക്യരാഷ്ട്രസംഘടനയുടെ കർമ്മസേന പുരസ്കാരം. പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിനാണ് നിപ്മറിനെ യുഎൻ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

പകർച്ചേതര വ്യാധികളുടെ മേഖലയിലും സഹായക സാങ്കേതികവിദ്യാ മേഖലയിലും നടത്തിയ മികച്ച പ്രവർത്തനങ്ങളാണ് നിപ്മറിനെ പുരസ്കാരത്തിന് അർഹമാക്കിയത്. 2023 വർഷത്തിൽ പകർച്ചേതര വ്യാധികളുടെ നിയന്ത്രണം, മാനസികാരോഗ്യം, സഹായക സാങ്കേതികവിദ്യ എന്നീ മേഖലകളിൽ തിളക്കമുറ്റ പ്രവർത്തനം കാഴ്ചവച്ച സ്ഥാപനങ്ങളിൽ നിന്നാണ് നിപ്മർ അന്താരാഷ്ട്ര പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത്.

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഇരിങ്ങാലക്കുടയിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് നിപ്മർ. എല്ലാതരം ഭിന്നശേഷികളുടെയും പുനരധിവാസപ്രക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മികവിന്റെ കേന്ദ്രമായി തീർന്നിരിക്കുന്ന നിപ്മർ ലോകനിലവാരത്തിലുള്ള സ്ഥാപനമായി അംഗീകരിക്കപ്പെടുകയാണ് യുഎൻ പുരസ്കാരത്തിലൂടെ. പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിലും മാനസികാരോഗ്യരംഗത്തും സഹായക സാങ്കേതികവിദ്യയിലും അന്താരാഷ്ട്ര സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ നിപ്മർ നൽകുന്ന സംഭാവനകളെ എടുത്തു പറഞ്ഞാണ് പുരസ്കാരം പ്രഖ്യാപിച്ചിരിക്കുന്നത്.

ലോകനിലവാരത്തിലുള്ള പുനരധിവാസചികിത്സാ സൗകര്യങ്ങളൊരുക്കി പ്രവർത്തിച്ചു വരുന്ന നിപ്മറിന് തുടർച്ചയായി ലഭിച്ചു വരുന്ന അംഗീകാരങ്ങളിൽ ഒടുവിലത്തേതാണ് യുഎൻ കർമ്മസേന പുരസ്കാരം.

കഴിഞ്ഞ മൂന്നുവർഷവും തുടർച്ചയായി ഭിന്നശേഷി മേഖലയിലെ പ്രവർത്തനത്തിന് സംസ്ഥാന പുരസ്കാരം നിപ്മർ നേടിയിരുന്നു. ഭിന്നശേഷി പുനരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം രാജ്യത്ത് ആദ്യമായി ഒരുക്കിയ നിപ്മറിനെ ലോകാരോഗ്യ സംഘടനയുമായി സഹകരിച്ചുള്ള സഹായക സാങ്കേതികവിദ്യാ പരിശീലന പരിപാടിയ്ക്കും തിരഞ്ഞെടുത്തിരുന്നു.

വെർച്വൽ റിയാലിറ്റി അധിഷ്ഠിത ചികിത്സ, അക്വാറ്റിക് തെറാപ്പി, അഡാപ്റ്റീവ് റിക്രീയേഷൻ സൗകര്യം, ഫീഡിങ് ഡിസോർഡർ ക്ലിനിക്, കുട്ടികളിൽ ഏറ്റമധികം കണ്ടുവരുന്ന പെരുമാറ്റപ്രശ്നമായ അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ പരിഹരിക്കാനുള്ള എ ഡി എച്ച് ഡി ക്ലിനിക്, നട്ടെല്ലിന് ക്ഷതം, പക്ഷാഘാതം, ബ്രെയിൻ ഇഞ്ചുറി തുടങ്ങിയ അവസ്ഥകൾ നേരിടുന്നവർക്കായുള്ള സ്പൈനൽ കോഡ് ഇഞ്ചുറി റീഹാബിലിറ്റേഷൻ യൂണിറ്റ്, ഭിന്നശേഷിക്കാരായ യുവാക്കൾക്കുള്ള തൊഴിൽപരിശീലന സംവിധാനം, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ഡെന്റൽ ക്ലിനിക്, വൈകല്യങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ഇടപെടുന്നതിനുമുള്ള സ്റ്റെപ്സ് പ്രോഗ്രാം എന്നിവ നിപ്മറിലെ പ്രത്യേക ആകർഷണങ്ങളായി കേരളത്തിനകത്തും പുറത്തും ഇതിനകം മാറിയിട്ടുണ്ട്. തെറാപ്പി സൗകര്യങ്ങൾ കൂടാതെ ഈ രംഗത്തെ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരമുള്ള ബാച്ചിലർ ഓഫ് ഒക്യൂപ്പേഷണൽ തെറാപ്പി, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ, കെയർ ഗിവേഴ്സ് ട്രെയിനിങ് പ്രോഗ്രാം എന്നിവയും നിപ്മറിലെ പ്രത്യേകതകളാണ്.

ഭിന്നശേഷി സഹായക ഉപകരണങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള സൗകര്യമുള്ളതാണ് നിപ്മറിലെ സെന്റർ ഫോർ മോബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജി.

വിവിധ ഭിന്നശേഷികൾക്കായി അന്താരാഷ്ട്ര നിലവാരത്തിനനുസൃതമായ ചികിത്സാ സേവനങ്ങളും കൗൺസിലിംഗ് സേവനങ്ങളും നല്കിവരുന്ന നിപ്മറിന്റെ സേവനങ്ങൾ കേരളത്തിനകത്തും പുറത്തും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഉപയുക്തമാക്കാൻ അന്താരാഷ്ട്ര പുരസ്കാരം പ്രചോദനമേകും. സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ഡെവലപ്മെന്റൽ തെറാപ്പി, ബിഹേവിയറൽ തെറാപ്പി എന്നിവയ്ക്കായുള്ള ഏറ്റവും ആധുനിക സൗകര്യങ്ങളോടെയുള്ള നിപ്മറിന്റെ പ്രവർത്തനങ്ങളെ ഇനിയും ലോകാംഗീകാരങ്ങൾ തേടിയെത്താൻ പുരസ്കാരം വഴിയൊരുക്കും.

കൂടുതൽ ഉയരങ്ങളിലേക്ക് കേരളത്തിന്റെ ഈ അഭിമാനസ്ഥാപനത്തെ നയിക്കാനുള്ള പ്രവർത്തനങ്ങളിലാണ് സാമൂഹ്യനീതി വകുപ്പും കേരള സർക്കാരും.

സെപ്റ്റംബർ 25ന് ന്യൂയോർക്ക് സമയം 12 മണിയ്ക്ക് യുഎൻ പൊതുസഭയുടെ എഴുപത്തൊമ്പതാം സമ്മേളനത്തിന് അനുബന്ധമായി 'കർമ്മസേന സൗഹൃദ' യോഗത്തിലാണ് 'യുഎൻ കർമ്മസേന പുരസ്കാര' സമർപ്പണം.

# പുന്നമട, നെഹ്റുട്രോഫി പാലം യാഥാർഥ്യമാകുന്നു



**ആലപ്പുഴ:** നഗരത്തിൽ നിന്നും ഒറ്റപ്പെട്ട ഒരു നാടിന്റെ യാത്രാക്ലേശത്തിനു പരിഹാരമായി പുന്നമട, നെഹ്റുട്രോഫി പാലത്തിന്റെ നിർമാണം നാളെ ആരംഭിക്കും. പുന്നമടനെഹ്റുട്രോഫി വാർഡുകളിലെ ജനങ്ങളുടെ ചിരകാല അഭിലാഷമായ, കായലിന്റെ ഇരുകരകളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലത്തിന്റെ നിർമാണോദ്ഘാടനം പുന്നമട ജെട്ടിയിൽ മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും. പി.പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിക്കും.

പാലത്തിന്റെ നിർമാണം പൂർത്തിയാകുന്നതോടെ നെഹ്റുട്രോഫി, പുന്നമട വാർഡ് നിവാസികളുടെയും കൈനകരി പഞ്ചായത്തിലെ നടുത്തുരുത്ത് നിവാസികളുടെയും യാത്രാദുരിതത്തിനു പരിഹാരമാകും. നിലവിൽ ചെറുവള്ളങ്ങളിലാണ് ഇവർ നഗരത്തിലെത്തുന്നത്. ആലപ്പുഴ നഗരത്തിലെ ടൂറിസം മേഖലയ്ക്കും വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. പുന്നമട കായലിലൂടെയുള്ള ഹൗസ്ബോട്ട് യാത്രയെ ബാധിക്കാതെ ദേശീയജലപാതയിൽ തടസ്സം വരാത്ത നിലയിലാണ് പാലം നിർമിക്കുന്നത്.

384.1 മീറ്റർ നീളമുള്ള പാലത്തിന് 12 മീറ്റർ നീളമുള്ള 25 സ്പാനുകളും 72.05 മീറ്ററിന്റെ ബോ സ്ട്രിങ് ആർച്ച് മാതൃകയിലുള്ള ജലഗതാഗത സ്പാനുകളുമാണ് ഉള്ളത്. ഇതുകൂടാതെ ഇരുകരകളിലുമായി 110 മീറ്റർ അപ്രോച്ച് റോഡുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

57.12 കോടി രൂപ പാലം നിർമാണത്തിനും 8 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റ് അനുബന്ധ ജോലികൾക്കായി 50 ലക്ഷം രൂപയും അടക്കം 65.62 കോടി രൂപ ചെലവഴിച്ചാണ് നിർമാണം പൂർത്തീകരിക്കുക. ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ് പാലത്തിന്റെ നിർമാണച്ചുമതല. 2019ൽ എംഎൽഎയും ധനകാര്യ മന്ത്രിയുമായിരുന്ന ടി.എം തോമസ് ഐസക്കാണ് പദ്ധതി വിഭാവനം ചെയ്യുകയും കിഫ്ബിയെ കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തത്.

എന്നാൽ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടി വന്നതും വസ്തു ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വന്ന തടസ്സങ്ങളും നിർമാണം നീളാൻ ഇടയാക്കി. തുടർന്ന് 2022ൽ ഭരണാനുമതി പുതുക്കി നിശ്ചയിപ്പിച്ച് എല്ലാ തടസ്സങ്ങളും നീക്കി ടെൻഡർ നടപടികളിലേക്ക് കടക്കുകയായിരുന്നു.

ഒന്നര വർഷം കൊണ്ട് പാലത്തിന്റെ നിർമാണം പൂർത്തിയാക്കി തുറന്നു നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പി.പി ചിത്തരഞ്ജൻ എംഎൽഎ, കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനീയർ റിജോ തോമസ്, പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പി.രേഖ എന്നിവർ അറിയിച്ചു

# പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുപ്പതിനായിരം കിലോമീറ്റർ റോഡിൽ 50 ശതമാനവും ബി എം ബി സി നിലവാരത്തിലാക്കിയെന്ന് മന്ത്രി

**കോട്ടയം :** മൂന്നേകാൽ വർഷം കൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുപ്പതിനായിരം കിലോമീറ്റർ റോഡിൽ 50 ശതമാനവും ബി എം ബി സി നിലവാരത്തിലാക്കിയെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി. എ. മുഹമ്മദ് റിയാസ്.



അതിരമ്പുഴ ജംഗ്ഷന്റെയും അതിരമ്പുഴ ആട്ടുകാരൻ കവല റോഡിന്റെയും ഹോളിക്രോസ് റോഡിന്റെയും പൂർത്തീകരണ ഉദ്ഘാടനം അതിരമ്പുഴ ജംഗ്ഷനിൽ നടന്ന ചടങ്ങിൽ ഓൺലൈനായി നിർവഹിച്ചു കൊണ്ട് പ്രസംഗിക്കുകയായിരുന്നു റിയാസ്.ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിൽ വലിയ നേട്ടമാണ് അതിരമ്പുഴ ജംഗ്ഷൻ നവീകരണം. കോട്ടയം മെഡിക്കൽ കോളേജ്, എംജി സർവ്വകലാശാല, അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളി എന്നിവിടങ്ങളിലേക്കുള്ള പ്രധാന വഴിയിലെ അതിരമ്പുഴ ജംഗ്ഷനിന്റെ നവീകരണം ദീർഘകാലമായി നാടിന്റെ ആവശ്യമായിരുന്നു. അതിരമ്പുഴ ജംഗ്ഷന്റെ വികസനം നാടിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്നും റിയാസ് പറഞ്ഞു. സഹകരണ തുറമുഖ ദേവസ്വം വകുപ്പുമന്ത്രി വി എൻ വാസവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി സംഘടിപ്പിച്ച ശില്പശാലയിൽ ഏറ്റവും ആദ്യം ഉയർന്നു വന്ന ആവശ്യങ്ങളിലൊന്ന് അതിരമ്പുഴ ജംഗ്ഷന്റെ നവീകരണമായിരുന്നു. മൂന്നുവർഷം പൂർത്തിയായപ്പോൾ അന്ന് ശില്പശാലയിൽ ഉയർന്നുവന്ന കാര്യങ്ങളിൽ 90 ശതമാനവും പൂർത്തീകരിക്കാനായി എന്ന് മന്ത്രി വി എൻ വാസവൻ പറഞ്ഞു

ആട്ടുകാരൻ കവലയിൽ നടന്ന ചടങ്ങിൽ നാട മുറിച്ച് മന്ത്രി റോഡ് നാടിന് സമർപ്പിച്ചു. തുടർന്ന് തുറന്ന ജീപ്പിൽ ഘോഷയാത്രയുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയാണ് മന്ത്രിയും ജനപ്രതിനിധികളും ഉദ്ഘാടന വേദിയിലേക്കെത്തിയത്.

ആറു മീറ്റർ വീതിയുണ്ടായിരുന്ന അതിരമ്പുഴ ജംഗ്ഷൻ ശരാശരി 18 മീറ്റർ വീതിയിലും 400 മീറ്റർ നീളത്തിലുമാണ് നവീകരിച്ചത്. 86 ഭൂ ഉടമകളിൽ നിന്ന് സ്ഥലം വില നൽകി ഏറ്റെടുത്താണ് റോഡ് നവീകരണം സാധ്യമാക്കിയത് . 1.74 കോടി രൂപ നിർമ്മാണ പ്രവർത്തികൾക്കും 7.06 കോടി രൂപ ഭൂമി ഏറ്റെടുക്കലിനും വകയിരുത്തിയിരുന്നു. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ അതിരമ്പുഴ ജംഗ്ഷനെയും ഏറ്റുമാനൂർ വെച്ചൂർ റോഡിനെയും ബന്ധിപ്പിക്കുന്ന അതിരമ്പുഴ ആട്ടുകാരൻ കവല റോഡ് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഏറ്റെടുത്താണ് പൊതുമരാമത്ത് വകുപ്പ് 4.45 കോടി രൂപ ചെലവിട്ട് ബിഎംബിസി നിലവാരത്തിൽ നവീകരിച്ചത്. എംസി റോഡിനെയും പഴയ എംസി റോഡിനെയും ബന്ധിപ്പിക്കുന്ന പ്രധാന ലിങ്ക് റോഡ് ആയ ഹോളിക്രോസ് റോഡും ഈ പ്രവർത്തിയിൽ ഉൾപ്പെടുത്തി ബിഎംബിസി നിലവാരത്തിൽ നവീകരിച്ചു.

എം. പിമാരായ. ഫ്രാൻസിസ് ജോർജ്, ജോസ് കെ. മാണി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യാ രാജൻ, പഞ്ചായത്ത് അംഗം റോസമ്മ സോണി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ജോസ് അമ്പലക്കുളം, വി.കെ. പ്രദീപ്, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷിമി സജി, ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങളായ ജെയിംസ് കുര്യൻ, ആൻസ് വർഗീസ്, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ബേ എന്നിവർ പ്രസംഗിച്ചു

സൊസൈറ്റി ടുഡേ
SOCIETY TODAY

# വേൾഡ് ഫുഡ് ഇന്ത്യ 2024 ഇന്ന് മുതൽ ന്യൂഡൽഹിയിൽ

**ന്യൂഡൽഹി :** കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വേൾഡ് ഫുഡ് ഇന്ത്യ 2024ന്, ആതിഥേയത്വം വഹിക്കാൻ ഒരുങ്ങുന്നു. ഇന്ന് മുതൽ 22 വരെ നടക്കുന്ന ഈ ആഗോള പരിപാടിയിൽ 90ലധികം രാജ്യങ്ങൾ, 26 ഇന്ത്യൻ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും , 18 കേന്ദ്ര മന്ത്രാലയങ്ങൾ, ഒപ്പം അനുബന്ധ സർക്കാർ സ്ഥാപനങ്ങളും പങ്കെടുക്കും. നാലു ദിവസങ്ങളിലായി നടക്കുന്ന ഈ വർഷത്തെ പരിപാടി, ഭക്ഷ്യ സംസ്കരണത്തിൽ ആഗോള ശക്തികേന്ദ്രം എന്ന നിലയിൽ ഇന്ത്യയുടെ ഉയർന്നുവരുന്ന പങ്ക് എടുത്തുകാണിക്കുന്നതാണ്.

ഉപഭോക്തൃകാര്യ, ഭക്ഷ്യപൊതുവിതരണ, നവപുനരുപയോഗ്യഊർജ മന്ത്രി പ്രഹ്ലാദ് ജോഷി; ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രി ചിരാഗ് പാസ്വാൻ , ഭക്ഷ്യ സംസ്കരണ വ്യവസായ, റെയിൽവേ സഹമന്ത്രി രവ്നീത് സിംഗ് ബിട്ടു എന്നിവർ പരിപാടിയിൽ പങ്കെടുക്കും. കേന്ദ്രമന്ത്രിമാരായ ചിരാഗ് പാസ്വാനും രവ്നീത് സിംഗ് ബിട്ടുവും വ്യവസായ പ്രമുഖരുമായി ചർച്ചകൾ നടത്തുകയും വിദേശ രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരുമായും പ്രതിനിധികളുമായും ഉഭയകക്ഷി ചർച്ചകൾ നടത്തുകയും ചെയ്യും.പരിപാടിയുടെ ആദ്യ ദിനത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ, മന്ത്രി ചിരാഗ് പാസ്വാൻ എന്നിവർ സഹഅധ്യക്ഷരാകുന്ന ഉന്നതതല സിഇഒ വട്ടമേശ സമ്മേളനവും നടക്കും. മന്ത്രി രവ്നീത് സിംഗ് ബിട്ടുവും ഈ പരിപാടിയിൽ സന്നിഹിതനായിരിക്കും കൂടാതെ APEDA, MPEDA, ചരക്ക് ബോർഡുകൾ എന്നിവ സംഘടിപ്പിക്കുന്ന 'റിവേഴ്സ് ബയർസെല്ലർ മീറ്റ്' ൽ ആയിരത്തിലധികം ഉപഭോക്താക്കൾ പങ്കെടുക്കും. എടടഅകയുടെ നേതൃത്വത്തിൽ ആഗോള ഭക്ഷ്യ നിയന്ത്രക ഉച്ചകോടിയുടെ രണ്ടാം പതിപ്പ് വേൾഡ് ഫുഡ് ഇന്ത്യയുമായി ചേർന്ന് 2024 സെപ്റ്റംബർ 20 മുതൽ 21 വരെ നടക്കും. ജപ്പാൻ പങ്കാളി രാജ്യമായും വിയറ്റ്നാം, ഇറാൻ എന്നിവ ഫോക്കസ് രാജ്യങ്ങളായും പങ്കെടുക്കും.പ്രമേയാധിഷ്ഠിത ചർച്ചകൾ, സംസ്ഥാനരാജ്യ നിർദ്ദിഷ്ട കൂടിക്കാഴ്ചകൾ എന്നിവയുൾപ്പെടെ 40ലധികം വിജ്ഞാനപരമായ സെഷനുകൾക്ക് പരിപാടി ആതിഥേയത്വം വഹിക്കും. കൂടാതെ, ആഗോള അഗ്രിഫുഡ് കമ്പനികളുടെ 100ലധികം ഇതചരകളുമായി വ്യവസായ നേതൃത്വത്തിലുള്ള പാനൽ ചർച്ചകളും നടക്കും.വേൾഡ് ഫുഡ് ഇന്ത്യ 2024ന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിനായി, ഇന്ത്യയിലെമ്പാടുമുള്ള പ്രാദേശിക വിഭവങ്ങൾ പ്രദർശിപ്പിക്കുന്ന 'സ്വാദ് സൂത്ര' എന്ന പാചക മത്സരവും സംഘടിപ്പിക്കും.

## വെള്ളത്തിൽ വീണ മൊബൈൽ ഫോണിന് ഇൻഷുറൻസ് നിഷേധിച്ചു; 78,900 പിഴയടിച്ച് ഉപഭോക്തൃ കോടതി

**കൊച്ചി:** വാട്ടർ റെസിസ്റ്റന്റ് ആണെന്ന് വിശ്വസിപ്പിച്ച വിറ്റ ഫോൺ വെള്ളത്തിൽ വീണപ്പോൾ കേടായി. ഇൻഷുറൻസ് എടുത്തിട്ടും തകരാർ പരിഹരിച്ച് നൽകാനും തയ്യാറായില്ല. സേവനത്തിലെ ഈ രണ്ട് ന്യൂനതകൾ ഉന്നയിച്ച് എറണാകുളം ഫോർട്ട് കൊച്ചി സ്വദേശി സന്തോഷ് കുമാർ പ്രമുഖ മൊബൈൽ ഫോൺ കമ്പനിക്കെതിരെ സമർപ്പിച്ച പരാതിയിലാണ് എറണാകുളം ജില്ലാ ഉപഭോക്തൃ കോടതിയുടെ ഉത്തരവ്. എതിർകക്ഷികൾ ചേർന്ന് പരാതിക്കാരന് തുക നൽകാനാണ് വിധി. 71,840/ രൂപ വില വരുന്ന, വാട്ടർ റെസിസ്റ്റൻസ് എന്ന് അവകാശപ്പെടുന്ന പ്രമുഖ കമ്പനിയുടെ മോഡലാണ് വാങ്ങിയത്. ഇൻഷുറൻസ് പ്രീമിയം തുകയായ 5390/ രൂപയും ചേർത്ത് 77,230/ രൂപയാണ് ഈടാക്കിയത്. ഈ പരിരക്ഷ നിൽക്കുന്ന കാലയളവിൽ തന്നെ ഫോൺ കേടായതിനാൽ റിപ്പയർ ചെയ്യുന്നതിനായി എതിർകക്ഷിയെ ഏൽപ്പിച്ചു. ആവശ്യപ്പെട്ട പ്രകാരം 3450/ രൂപ നൽകുകയും ചെയ്തു. എന്നാൽ ഫോൺ റിപ്പയർ ചെയ്ത് നൽകിയില്ല എന്നാണ് പരാതിക്കാരൻ പറയുന്നത്.നിർമ്മാണപരമായ ന്യൂനതയല്ലെന്നും ഫോണിന് സംഭവിച്ചത് ഫിസിക്കൽ ഡാമേജ് ആണെന്നാണ് ആണ് എതിർകക്ഷിയുടെ വാദം.

ഫിസിക്കൽ ഡാമേജിന് ഇൻഷുറൻസ് പരിരക്ഷ കിട്ടില്ലെന്നും ഇരുകക്ഷികളും വാദിച്ചു. എന്നാൽ ഇൻഷുറൻസ് പരിരക്ഷാ കാലയളവിൽ വെള്ളത്തിൽ വീണ് ഡാമേജ് ആയ ഫോണിന് ഇൻഷുറൻസ് തുക നിരസിക്കുന്നത് വാറണ്ടി നിഷേധിക്കുന്നതിന് തുല്യമാണെന്നും ആയത് സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി നിരീക്ഷിച്ചു.

ഫോണിന്റെ വിലയായ 68,900 രൂപയും ഇൻഷുറൻസ് തുകയും നഷ്ടപരിഹാരവും കോടതി ചെലവും ചേർത്ത് കോടതി നിശ്ചയിച്ച 78,900 രൂപ 30 ദിവസത്തിനകം പരാതിക്കാരന് നൽകണം. വീഴ്ച വരുത്തിയാൽ പലിശ സഹിതം നൽകേണ്ടി വരുമെന്നും ഡി.ബി.ബിനു അധ്യക്ഷനും വി.രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് മുന്നറിയിപ്പ് നൽകി. പരാതിക്കാരന് വേണ്ടി അഡ്വ.കെ എ സുജൻ ഹാജരായി.

## യാത്രക്കാരുടെ എണ്ണത്തിൽ വൻ കുതിപ്പുമായി തിരുവനന്തപുരം വിമാനത്താവളം

**തിരുവനന്തപുരം:** ഓണക്കാലത്ത് യാത്രക്കാരുടെ എണ്ണത്തിൽ വൻ കുതിപ്പുമായി തിരുവനന്തപുരം വിമാനത്താവളം. സെപ്റ്റംബർ ഒന്നു മുതൽ 17 വരെയുള്ള ദിവസങ്ങളിൽ 2.36 ലക്ഷം യാത്രക്കാരാണ് തിരുവനന്തപുരം വിമാനത്താവളം വഴി വന്നുപോയത്. കഴിഞ്ഞ വർഷം ഓണക്കാലത്ത് ഇത് 2.07 ലക്ഷം ആയിരുന്നു. കാൽ ലക്ഷത്തിലേറെ യാത്രക്കാർ ഇത്തവണ വർധിച്ചു. ആഭ്യന്തര യാത്രക്കാരാണ് ഇത്തവണ കൂടുതൽ 1.23 ലക്ഷം. രാജ്യാന്തര യാത്രക്കാർ 1.12 ലക്ഷം.



ഓണക്കാലത്തെ തിരക്ക് പരിഗണിച്ച് യാത്രക്കാർക്ക് സുഗമമായ സേവനങ്ങൾ ഉറപ്പ് വരുത്താൻ കൂടുതൽ ജീവനക്കാരെ നിയോഗിച്ചത് ഉൾപ്പെടെ ഒട്ടേറെ നടപടികൾ എയർപോർട്ട് സ്വീകരിച്ചിരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി 10 ദിവസം നീണ്ട ഓണാഘോഷപരിപാടികളും ഓസം ഓണം എന്ന പേരിൽ ഷോപ്പിംഗ് ഫെസ്റ്റിവലും എയർപോർട്ടിൽ ഒരുക്കിയിരുന്നു.

## ഇന്ത്യയിൽ നാല് ഗവേഷണവികസന ലാബുകൾ തുറന്ന് ആംവേ

**കൊച്ചി:** ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലായി നാല് ഗവേഷണ വികസന ലാബുകളുടെ പ്രവർത്തനം ആംവേ ആരംഭിച്ചു. പൊതുജനാരോഗ്യത്തിനും സൗഖ്യത്തിനും കൂടുതൽ മികച്ചതും ശാസ്ത്രീയവുമായ ഉൽപ്പന്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനാണ് പുതിയ ലാബുകൾ തുറക്കുന്നത്. ഇതിനായി ഇന്ത്യയിൽ 40 ലക്ഷം യുഎസ് ഡോളറിന്റെ വൻനിക്ഷേപമാണ് കമ്പനി നടത്തിയിട്ടുള്ളത്. ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെയും ശാസ്ത്രീയപഠനങ്ങളുടെയും പിന്തുണയോടെ ഇന്ത്യക്കകത്തും പുറത്തും ഉന്നതഗുണനിലവാരമുള്ള ആരോഗ്യ ഉൽപ്പന്നങ്ങൾ പുറത്തിറക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഗുരുഗ്രാം, ചെന്നൈ, ബെംഗളൂരു, ഡിണ്ടിഗൽ എന്നിവിടങ്ങളിലാണ് കമ്പനിയുടെ പുതിയ ലാബുകൾ സ്ഥിതിചെയ്യുന്നത്. ആകെ 24,700 ചതുരശ്രഅടിയാണ് നാല് ലാബുകളുടെയും സംയുക്തവലിപ്പം.

## റിലയൻസ് ഡിജിറ്റൽ ദീപാവലി ധമാക്ക അവതരിപ്പിച്ചു

**കൊച്ചി :** റിലയൻസ് ഡിജിറ്റൽ 'ദീപാവലി ധമാക്ക' ഓഫർ അവതരിപ്പിച്ചു, ഉപഭോക്താക്കൾക്ക് ഒരു വർഷത്തേക്ക് സൗജന്യ ജിയോ എയർഫൈബർ സേവനം ഇതിലൂടെ നേടാമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി..ഈ ഓഫർ പുതിയതും നിലവിലുള്ളതുമായ ജിയോ ഫൈബർ, ജിയോ എയർഫൈബർ ഉപയോക്താക്കൾക്ക് സെപ്റ്റംബർ 18 മുതൽ നവംബർ 3 വരെ ലഭ്യമാണ്. പുതിയ ഉപഭോക്താക്കൾക്ക് 20,000 രൂപയോ അതിൽ കൂടുതലോ റിലയൻസ് ഡിജിറ്റൽ, മൈ ജിയോ സ്റ്റോർ തുടങ്ങിയവയിൽ നിന്നും ഷോപ്പിംഗ് നടത്തിയോ അല്ലെങ്കിൽ 2222 രൂപയ്ക്ക് 3 മാസത്തെ ദീപാവലി പ്ലാൻ എടുത്തോ ഈ ആനുകൂല്യം നേടാം. നിലവിലുള്ള ഉപയോക്താക്കൾക്ക് 2222 രൂപയുടെ ഒറ്റത്തവണ മുൻകൂർ റീചാർജ് ചെയ്തുകൊണ്ട് ഈ ഓഫറിന്റെ പ്രയോജനങ്ങൾ നേടാം.യോഗ്യരായ ഉപഭോക്താക്കൾക്ക് 2024 നവംബർ മുതൽ 2025 ഒക്ടോബർ വരെയുള്ള അവരുടെ നിലവിലുള്ള എയർഫൈബർ പ്ലാനിന് തുല്യമായ മൂല്യമുള്ള 12 കൂപ്പണുകൾ ലഭിക്കും, അടുത്ത 30 ദിവസത്തിനുള്ളിൽ റിലയൻസ് ഡിജിറ്റൽ, മൈ ജിയോ സ്റ്റോർ, ജിയോ പോയിന്റ് സ്റ്റോർ അല്ലെങ്കിൽ ജിയോ മാർട്ട് ഡിജിറ്റൽ എക്സ്ക്ലൂസീവ് സ്റ്റോറുകളിൽ 15,000 രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ ഇത് റിഡീം ചെയ്യാമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഒ ബൈ താമരയിൽ ഷാപ്പ് കറികൾ ഫെസ്റ്റ്

**തിരുവനന്തപുരം:** നാട്ടിൻ പുറത്തെ കള്ള് ഷാപ്പുകളിൽ ലഭിക്കുന്ന രസികൻ വിഭങ്ങൾ അണിനിരത്തി തിരുവനന്തപുരം ഒ ബൈ താമരയിൽ ഷാപ്പ് കറികൾ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. വൈകീട്ട് 7.30 മുതൽ ഒ കഫെയിലാണ് ഫെസ്റ്റ് സജ്ജമാക്കിയിരിക്കുന്നത്. കേരളത്തിലെ ഷാപ്പുകളിൽ നിന്നും ലഭിക്കുന്ന നല്ല എരിവും പുളിയുമുള്ള തനത് വിഭവങ്ങൾ സെപ്തംബർ 19 മുതൽ 22 വരെ നടക്കുന്ന ഷാപ്പ് കറികൾ ഫെസ്റ്റിൽ ആസ്വദിക്കാമെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.

മീൻ പൊള്ളിച്ചത്, താറാവ് മപ്പാസ്, നെയ് മീൻ തലക്കറി, ഞണ്ട് കറി, കക്ക ഫ്രൈ, ലിവർ ഫ്രൈ, പോർക്ക് റോസ്റ്റ് തുടങ്ങിയ വിഭവങ്ങൾ ഫെസ്റ്റിലുണ്ടാകും. ചൂടോടെ തയ്യാറാക്കുന്ന കള്ളപ്പം, കപ്പ കുഴച്ചത്, ഇടിയപ്പം, പൊറോട്ട, പുട്ട് തുടങ്ങിയവ ഇവയ്ക്കൊപ്പം ചേർത്ത് രുചിക്കാം.

## ലുലുവിന്റെ മെഗാ ഐപിഒ ഒക്ടോബറിൽ

**തിരുവനന്തപുരം:** എം.എ. യൂസഫലി നയിക്കുന്ന ലുലു ഗ്രൂപ്പിന്റെ പ്രാരംഭ ഓഹരി വിൽപന (ഐപിഒ) ഒക്ടോബർ അവസാന ആഴ്ചയിലോ നവംബറിലോ നടന്നേക്കും. യുഎഇയിലെ അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന ലുലു ഗ്രൂപ്പ് 150 കോടി മുതൽ 185 കോടി ഡോളർ വരെ (ഏകദേശം 12,600 കോടി രൂപ മുതൽ 15,500 കോടി രൂപവരെ) ഐപിഒ വഴി സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഗൾഫ് മാധ്യമമായ സോയ റിപ്പോർട്ട് ചെയ്തു. അബുദാബി സ്റ്റോക്ക് എക്സ്ചേഞ്ചിലും (എഡിഎക്സ്/) സൗദി അറേബ്യൻ ഓഹരി വിപണിയായ തദാവൂളിലുമായി ഇരട്ട ലിസ്റ്റിങ്ങാണ് ലുലു ഗ്രൂപ്പ് ആലോചിക്കുന്നത്. ഐപിഒയുടെ നടപടിക്രമങ്ങൾ നിർവഹിക്കാനായി ലുലു ഗ്രൂപ്പ് എമിറേറ്റ്സ് എൻബിഡി കാപ്പിറ്റൽ, എച്ച്എസ്ബിസി ഹോൾഡിങ്സ്, അബുദാബി കൊമേഴ്സ്യൽ ബാങ്ക്, സിറ്റി ഗ്രൂപ്പ് എന്നിവയെ നിയമിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. ലുലു ഗ്രൂപ്പോ ഐപിഒയ്ക്ക് ചുക്കാൻ പിടിക്കുന്ന ധനകാര്യസ്ഥാപനങ്ങളോ പ്രതികരിച്ചില്ല.

# മഹീന്ദ്ര വീറോ പുറത്തിറക്കി




**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ പുതിയ വാഹനമായ മഹീന്ദ്ര വീറോ പുറത്തിറക്കി. 7.99 ലക്ഷം രൂപയിലാണ് വില ആരംഭിക്കുന്നത്. 3.5 ടണ്ണിന് താഴെയുള്ള സെഗ്മെന്റിനെ പുനർനിർവചിക്കുന്ന ഫീച്ചറുകളുമായി വരുന്ന വാഹനത്തിൽ മികച്ച മൈലേജിനൊപ്പം സമാനതകളില്ലാത്ത പ്രകടനം, സുരക്ഷാ ഫീച്ചറുകൾ, പ്രീമിയം കാബിൻ തുടങ്ങിയവയുമുണ്ടെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് ഡിവിഷൻ പ്രസിഡന്റ് വീജയ് നക്ര പറഞ്ഞു. മഹീന്ദ്രയുടെ നൂതനമായ അർബൻ പ്രോസ്പർ പ്ലാറ്റ്ഫോം (യുപിപി) ലാണ് മഹീന്ദ്ര വീറോയുടെ നിർമാണം. ഇന്ത്യയിലെ ആദ്യത്തെ ഗ്രൗണ്ട് അപ്പ് മൾട്ടി എനർജി മോഡുലാർ സിവി പ്ലാറ്റ്ഫോം കൂടിയാണിത്. ഒന്നിലധികം ഡെക്കുകളിലായി 1 മുതൽ 2 ടണ്ണിലധികം വരെയുള്ള പേലോഡുകളെ താങ്ങാവുന്ന തരത്തിലാണ് ഇതിന്റെ രൂപകൽപന. ഡീസൽ, സിഎൻജി, ഇലക്ട്രിക് തുടങ്ങി ഒന്നിലധികം പവർട്രെയിൻ ഓപ്ഷനുകളും മഹീന്ദ്ര വീറോയിലുണ്ട്.,1600 കിലോഗ്രാം പേലോഡ് കപ്പാസിറ്റി, 3035 എം.എം കാർഗോ ലെങ്ത്ത്, ഡീസലിന് 18.4 കി.മീ മൈലേജ്, 5.1 മീറ്റർ ടേണിങ് റേഡിയസ് എന്നിവയും വീറോയിലുണ്ട്. ഡ്രൈവർ സൈഡ് എയർബാഗ്, റിവേഴ്സ് പാർക്കിങ് ക്യാമറ, 26.03 സെ.മീറ്റർ ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, സ്റ്റിയറിങ് മൗണ്ടഡ് കൺട്രോൾസ്, പവർ വിൻഡോസ് എന്നിങ്ങനെയുള്ള സെഗ്മെന്റിലെ ആദ്യത്തെ സാങ്കേതികവിദ്യകളും ഫീച്ചറുകളും മഹീന്ദ്ര വീറോയെ വേറിട്ട് നിർത്തുന്നു.വി2 സിബിസി ഡെക്ക് എക്സ്എൽ വേരിയന്റിന് 7.99 ലക്ഷം രൂപയും, വി2 സിബിസി ഡെക്ക് എക്സ്എക്സ്എൽ വേരിയന്റിന് 8.54 ലക്ഷം രൂപയുമാണ് വില. വി2 എസ്ഡി എക്സ്എൽ 8.49 ലക്ഷം, വി2 എസ്ഡി എക്സ്എക്സ്എൽ 8.69 ലക്ഷം, വി2 എച്ച്ഡി എക്സ്എക്സ്എൽ 8.89 ലക്ഷം, വി4 എസ്ഡി എക്സ്എക്സ്എൽ 8.99 ലക്ഷം, വി6 എസ്ഡി എക്സ്എക്സ്എൽ 9.56 ലക്ഷം എന്നിങ്ങനെയാണ് മറ്റു വേരിയന്റുകളുടെ വില.

## ചരിത്ര നേട്ടവുമായി ഹോണ്ട ആക്ടിവ



**കൊച്ചി:** രാജ്യത്തെ മുൻനിര ഇരുചക്രവാഹന നിർമാതാക്കളിലൊന്നായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ദക്ഷിണേന്ത്യൻ മേഖലയിൽ 10 ലക്ഷത്തിലധികം ആക്ടിവ യൂണിറ്റുകൾ വിറ്റഴിച്ച് സുപ്രധാന നാഴികക്കല്ല് സൃഷ്ടിച്ചു. തമിഴ്നാട്, കർണാടക, തെലങ്കാന, ആന്ധ്രാപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങളും പുതുച്ചേരി, ആൻഡമാൻ ആൻഡ് നിക്കോബാർ ഐലാൻഡ്സ് കേന്ദ്ര ഭരണ പ്രദേശവും ഉൾപ്പെടുന്നതാണ് ഹോണ്ടയുടെ ദക്ഷിണേന്ത്യൻ വിപണി. ഇന്ത്യൻ ഇരുചക്രവാഹന വിപണിയിൽ സമ്പൂർണ വിപ്ലവം സൃഷ്ടിച്ചാണ് 2001ൽ ഹോണ്ട ആക്ടിവ ആദ്യമായി ഇന്ത്യയിൽ അവതരിച്ചത്.

## ആക്സിസ് ബാങ്ക് വെൽത്ത് മാനേജ്മെന്റ് സേവനം വ്യാപിപ്പിക്കുന്നു

**കൊച്ചി:** ആക്സിസ് ബാങ്കിന്റെ വെൽത്ത് മാനേജ്മെന്റ് സേവനം കോഴിക്കോടും തിരുവനന്തപുരവും അടക്കം 15 പുതിയ പട്ടണങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതായി ബാങ്കിന്റെ പ്രൈവറ്റ് ബാങ്കിങ് ബിസിനസായ ബർഗണ്ടി പ്രൈവറ്റ് പ്രഖ്യാപിച്ചു. ഉപഭോക്താക്കളുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായ വെൽത്ത് മാനേജുമെൻറ് സേവനങ്ങൾ ഇതോടെ രാജ്യത്തെ 42 പട്ടണങ്ങളിൽ ലഭ്യമാകും.ലോകോത്തര വെൽത്ത് മാനേജുമെൻറ് സേവനങ്ങൾ പ്രദാനം ചെയ്യാനാണ് ആക്സിസ് ബാങ്ക് ശ്രമിക്കുന്നതെന്ന് ബാങ്ക് ഗ്രൂപ് എക്സിക്യൂട്ടീവ് അർജുൻ ചൗധരി പറഞ്ഞു. ബർഗണ്ടി പ്രൈവറ്റ് നിലവിൽ 2.07 ട്രില്യൺ രൂപയോളം വരുന്ന ആസ്തികളാണ് കൈകാര്യം ചെയ്യുന്നത്. വാർഷികാടിസ്ഥാനത്തിൽ 33 ശതമാനം വർധവും കൈവരിക്കുന്നുണ്ട്.




## ജനറേഷൻ ഗ്രീൻ കാമ്പെയ്നിന് തുടക്കം കുറിച്ചു

**കൊച്ചി :**ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷനും (എഐസിടിഇ) ഒപ്പോ ഇന്ത്യയും ചേർന്ന് ജനറേഷൻ ഗ്രീൻ' പ്രചാരണത്തിൻറെ രണ്ടാം പാദത്തിന് രാജ്യവ്യാപകമായ ഇലക്ട്രോണിക് മാലിന്യ (ഇമാലിന്യ) ബോധവത്കരണ യജ്ഞത്തോടെ ഡൽഹി സർവ്വകലാശാലയ്ക്കു കീഴിലുള്ള രാംജാസ് കോളെജിൽ വച്ച് തുടക്കം കുറിച്ചു. ആദ്യപാദത്തിൻറെ ഭാഗമായി, ഓപ്പോ ഇന്ത്യയും എഐസിടിഇയും ഇന്ത്യയിലെ കോളേജുകളിലുടനീളം ഇൻറേൺഷിപ്പ് വാഗ്ദാനം ചെയ്തുകൊണ്ട് യുവാക്കൾക്കിടയിൽ ഹരിത നൈപുണ്യങ്ങൾ പ്രോത്സാഹിപ്പിച്ചു. 1,400ലധികം സ്ഥാപനങ്ങളിൽ നിന്നുള്ള 9,000ത്തിലധികം വിദ്യാർത്ഥികൾ ഈ ഇൻറേൺഷിപ്പിനായി അപേക്ഷിക്കുകയും, 5,000 പേർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ വിദ്യാർത്ഥികൾ ഇപ്പോൾ ബോധവൽക്കരണ സെഷനുകൾ, ഇസർവേകൾ, ഹരിത ദിന ആഘോഷങ്ങൾ തുടങ്ങിയ പ്രായോഗികമായ സുസ്ഥിരതാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു.

## ബിഎംഡബ്ല്യു റീറ്റെയ്ൽ നെക്സ്റ്റ് ഇന്ത്യയിൽ

**കൊച്ചി :**ബിഎംഡബ്ല്യു ഗ്രൂപ്പ് ഇന്ത്യ, റീറ്റെയ്ൽ നെക്സ്റ്റ് ഡീലർഷിപ്പുകൾ ഇന്ത്യയിൽ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. മികവ് വാഗ്ദാനം ചെയ്യുന്നതിനും ആധുനിക ആവശ്യകതകൾ നിറവേറ്റുന്നതിനുമായി ക്യൂറേറ്റ് ചെയ്ത പുനർരൂപകൽപ്പന ചെയ്ത സേവനങ്ങളും സൗകര്യങ്ങളും റീറ്റെയ്ൽ. നെക്സ്റ്റ്, അവതരിപ്പിക്കും. 36 മാസത്തിനുള്ളിൽ 33 നഗരങ്ങളിലെ 56 ഫെസിലിറ്റികളിലായി റീറ്റെയ്ൽ. നെക്സ്റ്റ് നടപ്പിലാക്കും.

## സാമ്പത്തിക അനിശ്ചിതത്വം; കൊച്ചിക്കാർ കൂടുതൽ ശുഭപ്രതീക്ഷ പുലർത്തുന്നതായി സർവേ

**കൊച്ചി:** സാമ്പത്തിക അനിശ്ചിതത്വങ്ങൾക്കിടയിലും കൊച്ചിക്കാർ കൂടുതൽ ശുഭപ്രതീക്ഷ പുലർത്തുന്നതായി ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് നടത്തിയ സർവേ ചൂണ്ടിക്കാട്ടുന്നു. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച കാഴ്ചപ്പാടുകൾ, തയ്യാറാടെപ്പുകൾ തുടങ്ങിയ വിഷയങ്ങളാണ് അനിശ്ചിത് സൂചിക 2024 സർവേയിലൂടെ വെളിപ്പെടുത്തുന്നത്. സാമ്പത്തിക അനിശ്ചിതത്വങ്ങൾ കൈകാര്യം ചെയ്യാൻ കൊച്ചിയിലുള്ളവർ കാട്ടുന്ന സവിശേഷതയും ഇതിൽ വ്യക്തമാകുന്നുണ്ട്.സർവേയിൽ പ്രതികരിച്ച കൊച്ചിയിൽ നിന്നുള്ളവരിൽ 72 ശതമാനം പേരും അടുത്ത അഞ്ചു വർഷങ്ങളിൽ ഉയർന്ന തോതിലെ സാമ്പത്തിക അനിശ്ചിതത്വങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്, ദേശീയ ശരാശരി 88 ശതമാനമായിരിക്കെയാണിത്.

എന്നാൽ ഇവരിൽ കൂടുതൽ പേരും സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ശുഭപ്രതീക്ഷ പുലർത്തുകയും ചെയ്യുന്നു. പ്രവചിക്കാനാവാത്ത ജോലി സമയങ്ങളാണ് കൊച്ചിയിലെ ജീവനക്കാരിൽ 49 ശതമാനം പേരും നേരിടുന്നത്. ഇതിൻറെ ദേശീയ ശരാശരി 43 ശതമാനമാണ്. ജോലി സംബന്ധിച്ച് കൊച്ചിയിൽ കൂടുതൽ വെല്ലുവിളികളുണ്ടെന്നാണ് ഇതു സൂചിപ്പിക്കുന്നത്.ഇതേ സമയം തന്ത്രപരമായ സാമ്പത്തിക ആസൂത്രണത്തിൻറെ കാര്യത്തിൽ കൊച്ചിയിലുള്ളവർ മുന്നിലുമാണ്. 70 ശതമാനം പേർ സാമ്പത്തിക സുരക്ഷിതത്വത്തിനായി ഇൻഷുറൻസ് പോളിസികളിൽ നിക്ഷേപിക്കുന്നു. ദേശീയ തലത്തിൽ 42 ശതമാനം പേർ ബിസിനസ്, പെൻഷൻ വരുമാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിലാണിത്. കൊച്ചിയിൽ 22 ശതമാനം പേർ മാത്രമാണ് ഇത്തരം സ്രോതസുകളെ ആശ്രയിക്കുന്നത്. ദേശീയ തലത്തിൽ 69 ശതമാനം പേർ അടിയന്തര സാഹചര്യങ്ങൾക്കായി സേവിങ്സ് അക്കൗണ്ടുകൾ ഉപയോഗിക്കുമ്പോൾ കൊച്ചിയിൽ ഇതു 41 ശതമാനം പേർ മാത്രമാണ്. മാതാപിതാക്കളുടെ സ്വഭാവങ്ങൾ തങ്ങളെ സാമ്പത്തിക കാര്യങ്ങളിൽ സ്വാധീനിച്ചതായി 47 ശതമാനം കൊച്ചിയിലെ നിവാസികൾ ചൂണ്ടിക്കാട്ടുമ്പോൾ ദേശീയ തലത്തിൽ ഇത് 63 ശതമാനമാണ്. ആരോഗ്യ സേവനങ്ങൾ ഏറെ നിർണായകമെന്ന് 56 ശതമാനം പേർ കരുതുന്നു. അതേ സമയം ദേശീയ തലത്തിൽ പരുക്ക്, രോഗം എന്നിവയാണ് (62 ശതമാനം) കൂടുതൽ പ്രാധാന്യത്തോടെ വീക്ഷിക്കപ്പെടുന്നത്.

## എംഎസ്എംഇ മേഖലയിലെ വളർച്ചയ്ക്ക് യെസ് ബാങ്ക്

**കൊച്ചി:** യെസ് ബാങ്ക് കേരളമടക്കമുള്ള ദക്ഷിണേന്ത്യയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ വളർച്ചയ്ക്കും പുതുമകൾക്കും വഴി തുറന്നു. പ്രവർത്തന മൂലധന വായ്പകൾ, ട്രേഡ് ഫിനാൻസ് സംവിധാനം, നഷ്ടസാധ്യതകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൻറെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്. ദക്ഷിണേന്ത്യയിലെ ചെറുകിട, ഇടത്തരം, സൂക്ഷ്മ മേഖല 2030ഓടെ 8.5 ശതമാനത്തിലേറെ സംയോജിത വാർഷിക വളർച്ചാ നിരക്കു കൈവരിക്കുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് യെസ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാജൻ പെൻറൽ പറഞ്ഞു. ജിഡിപിയുടെ 30 ശതമാനത്തോളവും കയറ്റുമതിയുടെ 50 ശതമാനത്തോളവും സംഭാവന നൽകുന്ന എംഎസ്എംഇകൾ 33 ട്രില്യൺ ഡോളറിൻറെ വായ്പാ അപര്യാപ്തത നേരിടുന്നുണ്ടെന്നും രാജൻ പെൻറൽ പറഞ്ഞു.

## ലക്ഷ്മി ഡെന്റൽ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ദന്തരോഗ ചികിത്സാ, ദന്ത സംരക്ഷണ ഉൽപ്പന്ന കമ്പനിയായ ലക്ഷ്മി ഡെന്റൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപ്പനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.150 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 1.28 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.നുവാമ വെൽത്ത് മാനേജ്മെന്റ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## എൻഐടികൾ സ്ഥാപിച്ചത് ഗുണനിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാൻ : രാഷ്ട്രപതി

**ന്യൂ ഡൽഹി:** രാജ്യത്ത് ഗുണനിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കാനാണ് എൻഐടികൾ സ്ഥാപിച്ചതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. രാജസ്ഥാനിലെ ജയ്പൂരിൽ മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (എംഎൻഐടി) 18ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപ്രതി. നൈപുണ്യവും കഴിവുമുള്ള മനുഷ്യവിഭവശേഷി നൽകുന്നതിൽ അവർ വലിയ പങ്കുവഹിക്കുന്നു. എൻഐടികളുടെ പ്രാധാന്യം കണക്കിലെടുത്താണ് അവയ്ക്ക് 'ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ' എന്ന പദവി നൽകിയിരിക്കുന്നത്.എൻഐടികളിലെ പകുതിയോളം വിദ്യാർഥികൾ സ്വന്തം സംസ്ഥാനത്തുനിന്നുള്ളവരാണെന്നും ബാക്കി പകുതി പേർ റാങ്കിങ്ങിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ളവരാണെന്നും രാഷ്ട്രപതി പറഞ്ഞു. അങ്ങനെ, ഒരു വശത്ത്, ഈ സംവിധാനം പ്രാദേശിക പ്രതിഭകളെ പ്രാത്സാഹാപ്പിക്കുമ്പോൾ, മറുവശത്ത്, രാജ്യത്തിന്റെ 'നാനാത്വത്തിൽ ഏകത്വത്തിന്റെ ആത്മാവിനെ' ശക്തിപ്പെടുത്താനും ഇത് പ്രവർത്തിക്കുന്നു.ഇന്ത്യയെ ഗവേഷണ, നൂതന ആശയ കേന്ദ്രമാക്കി മാറ്റുന്നതിൽ എൻഐടി പോലുള്ള സാങ്കേതിക സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് മാത്രമല്ല നമ്മുടെ പെൺമക്കളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഗവേഷണവികസന മേഖലയിൽ സ്ത്രീകളുടെ കൂടുതൽ പങ്കാളിത്തം പ്രധാനമാണെന്ന് രാഷ്ട്രപതി പറഞ്ഞു.വിദ്യാർഥികൾ തങ്ങളുടെ ജീവിതത്തിന്റെ പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് രാഷ്ട്രപതി പറഞ്ഞു. അവർക്ക് പുതിയ വെല്ലുവിളികളും അവസരങ്ങളും നേരിടേണ്ടിവരും. എംഎൻഐടിയിൽ നിന്ന് നേടിയെടുത്ത അറിവും വൈദഗ്ധ്യവും ഉപയോഗിച്ച് അവർക്ക് ആ വെല്ലുവിളികളെ നേരിടാനും ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താനും കഴിയുമെന്നും അവർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നാലു കോടി രൂപ സംഭാവന ചെയ്ത് ഫെഡറൽ ബാങ്ക്

**തിരുവനന്തപുരം :** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഫെഡറൽ ബാങ്ക് നാലു കോടി രൂപ സംഭാവന ചെയ്തു. ബാങ്കിന്റെ നിയുക്ത മാനേജിങ് ഡയറക്ടറും സിഇഒയുമായ കെവിഎസ് മണിയൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ, തിരുവനന്തപുരം സോൺ മേധാവി കെ വി ഷിജു, ഗവൺമെന്റ് ബിസിനസ് സൗത്ത് മേധാവി കവിത കെ നായർ എന്നിവർ ചേർന്ന് മുഖ്യമന്ത്രിയെ സന്ദർശിച്ചാണ് ചെക്ക് കൈമാറിയത്. വയനാട് ദുരിതബാധിതരുടെ ഉന്നമനത്തിനായാണ് തുക നൽകിയത്.തങ്ങൾ സേവനം നൽകുന്ന സമൂഹത്തോടുള്ള പ്രതിബദ്ധത ഫെഡറൽ ബാങ്കിന്റെ മൂല്യങ്ങളുടെ മുഖ്യഘടകമാണെന്ന് ബാങ്കിന്റെ ചീഫ് എച്ച്ആർ ഓഫിസർ എൻ രാജനാരായണൻ പറഞ്ഞു. ഫെഡറൽ ബാങ്ക് ജീവനക്കാർ ദുരിതാശ്വാസ നിധിയിലേക്ക് നിസ്വാർത്ഥമായി നൽകിയ സംഭാവനയ്ക്കൊപ്പം ബാങ്കിന്റെ പങ്കു കൂടി ചേർത്താണ് നാല് കോടി രൂപ സമാഹരിച്ചത്. ദുരിതബാധിതർക്കു സമാശ്വാസമരുളുന്ന സംസ്ഥാനത്തിന് ഈ സംഭാവനയും സഹായകമാകുമെന്നു കരുതുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## സെൽവിൻ ട്രേഡേഴ്സ് യുഎഇ കമ്പനിയുമായി കരാറൊപ്പിട്ടു

**കൊച്ചി.** ട്രേഡിങ് കമ്പനിയായ സെൽവിൻ ട്രേഡേഴ്സ് ലിമിറ്റഡ് യുഎഇയിലെ സെകോർബിറ്റ് എഫ്സിസിഐയുമായി 20 ലക്ഷം ഡോളറിന്റെ കരാറൊപ്പിട്ടു. രണ്ടു വർഷത്തിനുള്ളിൽ സെൽവിൻ ട്രേഡേഴ്സ് പുതിയ ടോക്കനൈസേഷൻ പ്ലാറ്റ്ഫോം വികസിപ്പിക്കും. കമ്പനിയുടെ ഓഹരി വിഭജനത്തിന് ഈ മാസം 25ന് ചേരുന്ന ബോർഡ് യോഗം അംഗീകാരം നൽകും. കാർഷിക ഉൽപ്പന്ന കയറ്റുമതി കമ്പനിയായ എസ്ഡിഎഫുമായും സെൽവിൻ ധാരണയിലെത്തിയിട്ടുണ്ട്. ഇതു പ്രകാരം സെൽവിൻ വിവിധ കാർഷിക ഉൽപ്പന്നങ്ങൾ എസ്ഡിഎഫിനു വിതരണം ചെയ്യും. ഈ ഇടപാടിലൂടെ 30 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഈ കമ്പനിയുടെ 51 ശതമാനം ഓഹരി ജൂലൈയിൽ സെൽവിൻ സ്വന്തമാക്കിയിരുന്നു. നടപ്പു സാമ്പത്തിക വർഷം ആദ്യ പാദത്തിൽ കമ്പനിയുടെ വരുമാനം 66 ശതമാനം വർധനിച്ച് 16.6 കോടി രൂപയിലും അറ്റാദായം 104 ശതമാനം വർധിച്ച് 70 ലക്ഷം രൂപയിലെത്തി.

SELLWIN TRADERS LIMITED

# യുബോട്ടിനെ ഇന്ത്യയിൽ അവതരിപ്പിച്ച് ഹീലിയോസ്




**കൊച്ചി:** ടൈറ്റൻ കമ്പനിയിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പ്രീമിയം വാച്ച് റീട്ടെയിലറായ ഹീലിയോസ് പ്രശസ്ത ഇറ്റാലിയൻ പ്രീമിയം വാച്ചുകളായ യുബോട്ട് ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുന്നു. അന്താരാഷ്ട്ര പോർട്ട്ഫോളിയോയുടെ വിപുലീകരണത്തിൻറെ ഭാഗമായാണ് ഹീലോയോസ് യുബോട്ട് വാച്ചുകൾ ഇന്ത്യയിലെത്തിക്കുന്നത്.മാസ്മരിക രൂപകൽപനകൾക്കും ടസ്കാൻ കരകൗശലത്തിനും പേരുകേട്ടവയാണ് യുബോട്ട് വാച്ചുകൾ. ഇന്ത്യൻ വിപണിയിൽ യുബോട്ട് 41 വാച്ചുകളാണ് അവതരിപ്പിക്കുന്നത്. ഹീലിയോസിന് 240 സ്റ്റോറുകളുടെ വിപുലമായ ശൃംഖല ഉള്ളതിനാൽ ഇന്ത്യൻ ഉപയോക്താക്കൾക്ക് ലോകത്തിലെ ഏറ്റവും അഭിമാനകരമായ വാച്ചുകൾ സൗകര്യപ്രദമായി വാങ്ങാനാകും. 1,22,500 രൂപ മുതലാണ് യുബോട്ട് വാച്ചുകളുടെ വില. ഹീലിയോസിലൂടെ ഇന്ത്യൻ ഉപയോക്താക്കൾക്ക് യുബോട്ട് പരിചയപ്പെടുത്തുന്നിൽ സന്തോഷമുണ്ടെന്നും പ്രീമിയവും നൂതനവുമായ വാച്ചുകൾക്ക് ഇന്ത്യയിൽ ഡിമാൻഡ് വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ വാച്ചുകൾ അവതരിപ്പിക്കാൻ സാധിച്ചുവെന്നത് സുപ്രധാന നാഴികക്കല്ലാണെന്നും ടൈറ്റൻ കമ്പനി ലിമിറ്റഡ് വാച്ചസ് ആൻഡ് വെയറബിൾസ് വൈസ് പ്രസിഡൻറ് ആൻഡ് ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസർ രാഹുൽ ശുക്ല പറഞ്ഞു.

# എച്ച്എംഡി സ്കൈലൈൻ അവതരിപ്പിച്ചു

**കൊച്ചി:** മൊബൈൽ ഫോൺ ബ്രാൻഡായ ഹ്യൂമൻ മൊബൈൽ ഡിവൈസസ് എച്ച്എംഡി സ്കൈലൈൻ വിപണിയിൽ അവതിരിപ്പിച്ചു.സ്റ്റൈലും ജെൻ 2 റിപ്പയറബിളിറ്റിയും സംയോജിപ്പിക്കുന്ന പുതിയ മോഡലിൽ, 108 എംപി ഒഐഎസ്, 50 എംപി ടെലി, 13 എംപി അൾട്രാ വൈഡ് ട്രിപ്പിൾ റിയർ ക്യാമറ എന്നിവയുൾപ്പെടെയുള്ള നൂതന ക്യാമറ ഫീച്ചറുമുണ്ടെന്ന് എച്ച്എംഡിയുടെ ഇന്ത്യ ആൻഡ് എപിഎസി സിഇഒയും വൈസ് പ്രസിഡൻറുമായ രവി കുൻവാർ പറഞ്ഞു. ഓൾന്യൂ ക്യാപ്ചർ ഫ്യൂഷൻ, 4x ഒപ്റ്റിക്കൽ സൂം തുടങ്ങിയ ഫീച്ചറുകളും എച്ച്എംഡി സ്കൈലൈനിലെ ചിത്രീകരണം ഗുണനിലവാരമുള്ളതാക്കും. പിറകുവശത്തെ കവർ നീക്കം ചെയ്ത് ഉപയോക്താക്കൾക്ക് എളുപ്പത്തിൽ സ്ക്രൂകൾ ആക്സസ് ചെയ്യാനും ഡിസ്പ്ലേ കേബിൾ വിച്ഛേദിക്കാനും കഴിയുന്ന തരത്തിലാണ്




ജെൻ 2 റിപ്പയറബിലിറ്റി ഫീച്ചർ.

ഫോൺ വീട്ടിലിരുന്ന് തന്നെ എളുപ്പത്തിൽ റിപ്പയർ ചെയ്യാൻ ഇത് സഹായിക്കും.പിഎൽഒഡി ഡിസ്പ്ലേയാണ് ഫോണിന്. സ്നാപ്ഡ്രാഗൺ 7എസ് ജെൻ 2 ചിപ്സെറ്റ് ഉയർന്ന പ്രകടനവും സുഗമമായ മൾട്ടിടാസ്കിങ്ങും ഉറപ്പാക്കും. 12/256ജിബി വേരിയൻറിൽ 2 വർഷത്തെ ഒഎസ് അപ്ഗ്രേഡുകളും 3 വർഷത്തെ സുരക്ഷാ അപ്ഗ്രേഡുകളും എച്ച്എംഡി സ്കൈലൈൻ വാഗ്ദാനം ചെയ്യുന്നു.

4600 എംഎഎച്ച് ബാറ്ററി, കസ്റ്റം ബട്ടൺ, വയർലെസ് ചാർജിങ് തുടങ്ങിയവയാണ് മറ്റു സവിശേഷതകൾ. ടിസ്റ്റഡ് ബ്ലാക്ക്, നിയോൺ പിങ്ക് നിറങ്ങളിൽ വരുന്ന എച്ച്എംഡി സ്കൈലൈൻ സെപ്റ്റംബർ 17 അർധരാത്രി മുതൽ, Amazon.in, HMD.com എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും വിൽപനക്കെത്തും. 35,999 രൂപയാണ് വില.

ലോഞ്ച് ഓഫറെന്ന നിലയിൽ 33വാട്ട് ടൈപ്പ് സി ഫാസ്റ്റ് ചാർജറും ഫോണിനൊപ്പം സൗജന്യമായി ലഭിക്കുമെന്നും രവി കുൻവാർ പറഞ്ഞു.

## ഗ്ലോബൽ ആയുർവേദ ഉച്ചകോടി: കെഎസ്യുഎമ്മിൽ നിന്നുള്ള മൂന്ന് സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു

**കൊച്ചി:** സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള മൂന്ന് ഹെൽത്ത്ടെക് സ്റ്റാർട്ടപ്പുകൾക്ക് ഗ്ലോബൽ ആയുർവേദ ഉച്ചകോടിയിൽ ഉൽപ്പന്ന അവതരണത്തിന് അവസരം ലഭിച്ചു. മൈ കെയർ, മില എഐ, റാഷ്എയ്ഡ് എന്നീ സ്റ്റാർട്ടപ്പുകളാണ് അങ്കമാലിയിൽ നടന്ന ഉച്ചകോടിയിൽ പങ്കെടുത്തത്.ആയുർവേദ മേഖലയെ ആധുനിക കാഴ്ചപ്പാടോടെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള പ്രധാന ഉച്ചകോടിയാണ് ഗ്ലോബൽ ആയുർവേദ സമ്മിറ്റ്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉച്ചകോടിയിൽ ആയുർവേദം, ആരോഗ്യമേഖല, ഔഷധച്ചെടികൾ, ടൂറിസം തുടങ്ങിയവ ചർച്ച ചെയ്തു.ആയുർവേദത്തിന് ആഗോള പ്ലാറ്റ്ഫോം ലഭ്യമാക്കാനാണ് ഉച്ചകോടി ലക്ഷ്യമിട്ടത്. ആയുർവേദത്തിലെ പരമ്പരാഗത രീതികൾ മുതൽ ആധുനിക കണ്ടുപിടുത്തങ്ങൾ വരെയുള്ള വിവിധ വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ച ചെയ്തു. ആയുർവേദ ചികിത്സയിലും രോഗീപരിചരണത്തിലും നിർമ്മിത ബുദ്ധിയുടെ സാധ്യതകളാണ് മൈ കെയർ ഹെ ത്ത് ഉപയോഗിക്കുന്നത്. കൂടുതൽ പേർക്ക് ചികിത്സ നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതും ഇവരുടെ പ്രത്യേകതയാണ്.ആയുർവേദ ഉത്പന്നങ്ങൾക്കുള്ള ഇകൊമേഴ്സ് പ്ലാറ്റ്ഫോമാണ് മില എഐ. ആയുർവേദ ഉത്പന്നങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിനും വിതരണം സുഗമമാക്കുന്നതിനുമുള്ള സേവനമാണ് ഇവർ നൽകുന്നത്.

# ഓണം: സപ്ലൈകോയ്ക്ക് 123.56 കോടിയുടെ വിറ്റുവരവ്

**കൊച്ചി:** ഓണക്കാലത്ത് (സെപ്റ്റംബർ ഒന്നു മുതൽ സെപ്റ്റംബർ 14 ഉത്രാട ദിവസം വരെ) സപ്ലൈകോ വിൽപനശാലകളിൽ 123.56 കോടി രൂപയുടെ വിറ്റു വരവ്. ഇതിൽ 66.83 കോടി രൂപ സബ്സിഡി ഇനങ്ങളുടെ വിൽപനയിലൂടെ നേടിയതാണ്. സബ്സിഡിയിതര ഇനങ്ങളുടെ വിറ്റുവരവിൽ ലഭിച്ചത് 56.73 കോടി രൂപയാണ് . സപ്ലൈകോ പെട്രോൾ ബങ്കുകളിലെയും എൽപിജി ഔട്ട്ലെറ്റുകളിലെയും വിറ്റുവരവ് ഉൾപ്പെടാതെയുള്ള കണക്കാണിത്.

സെപ്റ്റംബർ മാസത്തിൽ 26.24 ലക്ഷം പേർ അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി സപ്ലൈകോ വില്പനശാലകളെ ആശ്രയിച്ചു. ഇതിൽ 21.06 ലക്ഷം പേരാണ് അത്തം മുതൽ ഉത്രാടം വരെ സപ്ലൈകോ വില്പനശാലകളിൽ എത്തിയത്

സപ്ലൈകോ 14 ജില്ലാ ഫെയറുകളിൽ മാത്രം 4.03 കോടി രൂപയുടെ വിറ്റുവരവാണ് ഉണ്ടായത്. സബ്സിഡി ഇനത്തിൽ 2.36 കോടി രൂപയുടെയും സബ്സിഡിയിതര ഇനത്തിൽ 1.67 കോടി രൂപയുടെയും വിറ്റു വരവുണ്ടായിരുന്നു. ജില്ലാ ഫെയറുകളിൽ ഏറ്റവും കൂടുതൽ വില്പന നടന്നത് തിരുവനന്തപുരത്താണ് 68.01 ലക്ഷം രൂപ. സബ്സിഡി ഇനത്തിൽ 39.12ലക്ഷം രൂപയുടെയും, സബ്സിഡി ഇതര ഇനത്തിൽ 28.89 ലക്ഷം രൂപയുടെയും വിറ്റുവരവാണ് തിരുവനന്തപുരം ജില്ലാ ഫെയറിൽ ഉണ്ടായത് . തൃശൂർ ( 42.29 ലക്ഷം രൂപ) കൊല്ലം (40.95 ലക്ഷം രൂപ), കണ്ണൂർ (39.17 ലക്ഷം രൂപ) ജില്ല ഫെയറുകളാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങളിൽ. പാലക്കാട് ജില്ലാ ഫെയറിൽ 34.10 ലക്ഷം രൂപയുടെയും, കോഴിക്കോട് ജില്ലാ ഫെയറിൽ 28.68 ലക്ഷം രൂപയുടെയും വിറ്റുവരവുണ്ടായി.ഓണം ഫെയറുകളിലും സൂപ്പർമാർക്കറ്റുകളിലും സെപ്റ്റംബർ 6 മുതൽ 14 വരെ, ദിവസവും രണ്ടു മണിക്കൂർ വീതം സപ്ലൈകോ നൽകിയ ഡീപ് ഡിസ്കൗണ്ട് സെയിലിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഈ സമയത്ത് മാത്രം 1.57 ലക്ഷം ഉപഭോക്താക്കൾ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.



## സൂപ്പർ ബൈക്കുകൾക്ക് പ്രത്യേക ഓഫറുകളുമായി ആദീശ്വർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സൂപ്പർബൈക്ക് ബ്രാൻഡായ ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (അഅഞകഘ), ഉത്സവ സീസൺ പ്രമാണിച്ച് ബെനെല്ലി, സോണ്ടസ് സൂപ്പർ ബൈക്കുകൾക്ക് സവിശേഷ സർവീസ് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. സാഹസികത ആഗ്രഹിക്കുന്നവർക്ക്, ഈ ഉത്സവ സീസണിൽ, 30,000 രൂപ മൂല്യമുള്ള 2 വർഷത്തെ സൗജന്യ സർവീസോടു കൂടി ബെനെല്ലിയുടെ ജനപ്രീതിയാർജ്ജിച്ച ഠഞഗ മോഡൽ ശ്രേണി സ്വന്തമാക്കാനുള്ള അവസരം ലഭിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇതിന്റെ വില 5.85 ലക്ഷം മുതൽ ആരംഭിക്കുന്നു.നൂതനമായ ഡിസൈനിനും ഏറ്റവും മികച്ച സവിശേഷതകൾക്കും പ്രസിദ്ധമായ സോണ്ടസ് കൂടി ഉത്സവ ആഘോഷങ്ങളുടെ ഭാഗമാണ്. 350ഞ, 350ത, ഏഗ350, 350ഠ, 350ഠ അഉഢ എന്നിവ ഉൾപ്പെടുന്ന സോണ്ടസിന്റെ 350രര മോഡൽ ശ്രേണി വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് ഇപ്പോൾ 20,000 മൂല്യമുള്ള 2 വർഷത്തെ സൗജന്യ സർവീസ് ലഭിക്കും. സോണ്ടസിന്റെ വില 2.79 ലക്ഷം മുതൽ ആരംഭിക്കുന്നു.

## സീരീസ് 4 ഹോം ലിഫ്റ്റുകളുമായി നിബവ്‌ലിഫ്റ്റ്സ്

**കൊച്ചി:** നിബവ് ലിഫ്റ്റ്സ് അത്യാധുനിക സാങ്കേതിവിദ്യയോടു കൂടിയ സീരീസ് 4 ഹോം ലിഫ്റ്റുകൾ അവതരിപ്പിച്ചു. നവീന സാങ്കേതികവിദ്യയ്ക്കൊപ്പം രൂപകൽപ്പനയിലും മികച്ച ഫീച്ചറുകളിലുമെത്തുന്ന സീരീസ് 4 ഹോം ലിഫ്റ്റുകൾ ഉപഭോക്തക്കൾക്ക് ആഡംബര അനുഭവം നൽകുന്നതാണ്. എഐ ക്യാബിൻ ഡിസ്പ്ലേ, സ്വയംപ്രവർത്തിക്കുന്ന എൽഒപി ഡിസ്പ്ലേ, സുഗമമായ ലാൻഡിങ് സാധ്യമാക്കുന്ന മികച്ച പ്രവർത്തന കാര്യക്ഷമതയുള്ള ലിഡാർ 2.0 ടെക്നോളജി തുടങ്ങിയവയുള്ള നിബവ് സീരീസ് 4 ലിഫ്റ്റുകൾ ഹോം എലിവേറ്റർ രംഗത്ത് വിപ്ലവമാണെന്ന് ിബവ് ലിഫ്റ്റ്സ് സ്ഥാപകനും സിഇഒയുമായ വിമൽ ബാബു പറഞ്ഞു. മിഡ്നൈറ്റ് ബ്ലാക്ക് പതിപ്പിൽ ലഭിക്കുന്ന ഈ ലിഫ്റ്റ് ഏറ്റവും കൂടുതൽ വിശാലതയുള്ള എയർ ലിഫ്റ്റ് കൂടിയാണ്. ആംബിയന്റ് ലൈറ്റിങ്, ന്യൂസിലാൻഡ് വൂൾ കാർപ്പെറ്റ്, സ്റ്റാർലൈറ്റ് സീലിങ്, ലെതർ ഫിനിഷിലുള്ള ഇന്റീരിയർ എന്നിവയും ഈ ലിഫ്റ്റിന്റെ സവിശേഷതയാണെന്ന് നിബവ് ലിഫ്റ്റ്സ് സ്ഥാപകനും സിഇഒയുമായ വിമൽ ബാബു പറഞ്ഞു.




## സിഎസ്ബി ബാങ്കുമായി കൈകോർത്ത് മാക്സ് ലൈഫ്

**കൊച്ചി:** ഇൻഷുറൻസ് പദ്ധതികളിൽ ചേരുന്നത് അനായാസമാക്കാൻ സിഎസ്ബി ബാങ്കുമായി ധാരണയായി മാക്സ് ലൈഫ് ഇൻഷുറൻസ്. സിഎസ്ബി ബാങ്കിൽ അക്കൗണ്ടുള്ള 25 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് മാക്സ് ലൈഫ് ഇൻഷുറൻസ് നൽകുന്ന പരിരക്ഷാപദ്ധതികളിൽ അനായാസം പങ്കാളികളാകാനുള്ള അവസരമാണ് ഒരുക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സേവിങ്സ്, പ്രൊട്ടക്ഷൻ, റിട്ടയർമെന്റ്, ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് എന്നിവയുൾപ്പെടെ എല്ലാ ഇൻഷുറൻസ് ഉൽപ്പന്നങ്ങളും സഹകരണത്തിന്റെ ഭാഗമായി ലഭ്യമാകും. പ്രവർത്തനമാരംഭിച്ചിട്ട് 103 വർഷങ്ങൾ പിന്നിട്ട സിഎസ്ബിക്ക് ഇന്ത്യയിലാകെ 801 ബ്രാഞ്ചുകളുമുണ്ട്. ഇവിടങ്ങളിലെല്ലാം സിഎസ്ബിയുടെ ബാങ്കിങ് സേവനങ്ങൾക്കൊപ്പം തന്നെ ഇൻഷുറൻസ് സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിലാണ് ധാരണ.

